19453
BOSE ... LIBRARY
101
KOTTAYAM


# വിവേകോദയം.

“ശ്രീനാരായണധർമ്മപരിപാലനയോഗം” വക ഒരു ആസ്ഥാനപുസ്തകം.

# VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

| | | |
|---|---|---|
| പുസ്തകം 6. | 1085 ചിങ്ങം | നമ്പർ 5. |


## മഹാന്മാരുടെ വിചാരങ്ങളും, ഉപദേശങ്ങളും.

എന്റെ ഒരു തെററിനെ ആരെങ്കിലും എനിക്കു മനസ്സിലാക്കിത്തന്നാൽ ഞാൻ സന്തോഷപൂർവ്വം എന്റെ അഭിപ്രായത്തെ മാററും; എന്തുകൊണ്ടെന്നാൽ എന്റെ കൃത്യം സത്യമാണ്. അതുകൊണ്ടു ഒരാൾക്കും ഇതുവരെ ദോഷമുണ്ടായിട്ടില്ല; മാത്രമല്ല, അജ്ഞാനത്തിലും അബദ്ധത്തിലും അനുവർത്തിക്കുന്നവർക്കാണ് അപായം പററുന്നതും.

മാക്കിസ്സ് ഔറീലിയസ്സ്

എല്ലാ സംഗതികളേയും ‘തന്നത്താൻ’ ആലോചിച്ചറിയുന്നയാൾ അത്യുത്തമനാകുന്നു. ഒരു നല്ല ഉപദേശത്തെ ആരെങ്കിലും പറഞ്ഞാൽ അനുഷ്ഠിപ്പാൻ കഴിയുന്നയാളും ഉത്തമൻ തന്നെ. എന്നാൽ തന്നത്താൻ ആലോചിച്ചറികയോ അന്യരുടേ ഉപദേശം കേൾക്കുകയോ രണ്ടും ചെയ്യാതേ ഹൃദയത്തേ ശൂന്യമാക്കുന്നവൻ ഒരു ഉപയോഗമില്ലാത്ത മനുഷ്യനത്രേ.

ഹെസിയഡ്

എല്ലാ വിദ്യയും, വ്യവസ്ഥയും, അതുപോലെതന്നെ എല്ലാക്രിയയും, ഇഷ്ടവും ഒരു ഗുണത്തോടാണുദ്ദേശിക്കുന്നതെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു; ആ കാരണത്താൽ മുഖ്യമായ ഗുണത്തിന്റെ സാധാരണവും എന്നാൽ അസാധുവല്ലാത്തതും ആയ വർണ്ണനം സർവ്വോദ്ദേശ്യമായ ഒന്നു എന്നാകുന്നു.

ആറിസ്റോട്ടൽ;

“തദൈക്യം നാനാത്വൈകത്വ
മുപാധിയോഗഹാനാദിത്യവൽ”

അതൊന്നുതന്നെ ഉപാധികളുടെ സംയോഗവിയോഗങ്ങളാൽ പലതായും ഒന്നായും തോന്നുന്നു. പല ഉപാധികളിൽ പ്രതിബിംബിച്ചു പലതായി തോന്നപ്പെടുന്ന ആദിത്യൻ ഉപാധിനാശത്തിൽ ഒന്നായിക്കാണപ്പെടുന്നതെങ്ങിനേയോ അതുപോലെ.

ശാണ്ഡില്യൻ. (ഭക്തിസൂത്രം)

അജ്ഞാനത്തിൽ നിന്നുണ്ടായതും അജ്ഞാനമയവുമായ ഈ ലോകത്തേ ആരാധിക്കുന്നവർ അന്ധകാരത്തിൽ കിടന്നു തപ്പുകയാകുന്നു. അങ്ങിനെയുള്ള ലോകത്തെ ആരാധിക്കുകയും, അതുതന്നെ സന്മാത്ര വസ്തുവാണെന്നു വിചാരിക്കയും ചെയ്യുന്നവരും അന്ധകാരത്തിൽ തപ്പുന്നവർ തന്നെ. എന്നാൽ ഈ ലോകത്തിൽ ആയുഷ്കാലം മുഴുവൻ ചിലവഴിച്ചിട്ടും ഇതിനേക്കാൾ നല്ലതോ ഉയർന്നതോ ആയ ഒന്നില്ലെന്നു വിചാരിക്കുന്നവർ അതിലും കഠിനമായ അന്ധകാരത്തിൽ തപ്പുന്നവരത്രേ

വിവേകാനന്ദ സ്വാമി

ലോകത്തിൽ ഈ കാണപ്പെടുന്ന എന്തെല്ലാമുണ്ടോ അതൊക്കയും ഈശ്വരചൈതന്യത്താൽ അധിവസിക്കപ്പെട്ടതായിരിക്കുന്നു. വൈരാഗ്യംകൊണ്ടു അതിനെ അനുഭവിപ്പിൻ! ഒരുത്തന്റെയും വസ്തുക്കളേ അഗ്രഹിക്കാതിരിപ്പിൻ!!

ഈശോപനിഷത്തു്.

---

## സാമാന്യധർമ്മങ്ങൾ

[ തുടർച്ച ]

## അഹിംസ.

---

നിരുപദ്രവമാംജന്തു- നിരയെതൻസുഖത്തിനായ്
വധിപ്പോനവരാസൌഖ്യം വരാലും, ചത്തുദപാകിലും ൧൧
ഉപദ്രവിക്ക, ബന്ധിക്ക, കൊല്ലുകന്നിവയൊന്നുമെ
ചെയ്യാത്തജന്തുപ്രിയനു ചേരും പരമമാംസുഖം ൧൨
ചിന്തിപ്പതും, ചെയ്യുവതും, ബുദ്ധിവയ്പതുമൊക്കവെ
ഏതിനേയുംകൊന്നിടാത്തോ ന്നെന്നുംസഫലമായ്വരും. ൧൩
കൊല്ലാതെ കണ്ടു ലോകത്തിൽ മാംസങ്ങളെങ്ങുമേ
കൊലപാപവുമാകുന്നു; കളവില്ല! മാംസഭോജനം ൧൪
മാംസമുണ്ടാവതും, പ്രാണി വധവും, പീഡനങ്ങളും
മനസ്സിലോർത്തു വിടുവിൻ, മാംസഭക്ഷണമാകവേ.

അരശ്ലോകം കൊണ്ടു കോടി ഗ്രന്ഥതാൽ പറ്റതോതുവൻ
അഹിംസ പരമാം പുണ്യ മതുപോൽ ഹിംസ പാപമാം. ൧൭

## ലഹരിപദാൎത്ഥങ്ങൾ.

പുതിയ പരിഷ്കാരത്തിന്റെ ദോഷഫലങ്ങളിൽ പ്രധാനമായ ഒന്നു നമ്മുടെ ജനങ്ങൾ പുകയായും പാനീയമായും ലഹരിപദാൎത്ഥങ്ങൾ പൂൎവ്വാധികം ഉപയോഗിപ്പാൻ തുടങ്ങിയിരിക്കുന്നു എന്നുള്ളതാകുന്നു. സിഗരറ്റും ചുരുട്ടും വലിക്കുന്നവരുടെയും മദ്യപായികളുടെയും സംഖ്യ ചെറുപ്പക്കാരുടെ ഇടയിൽത്തന്നെ വളരെ അധികമുണ്ടു്. ചില ദിക്കുകളിൽ ഈ ദുശ്ശീലം ഭയങ്കരമാംവണ്ണം വൎദ്ധിച്ചുവരുന്നതായും കാണുന്നു. ലഹരിയുപയോഗിച്ചു ബുദ്ധിദുഷിച്ചുപോയവരോടു അതിന്റെ ദോഷത്തെപ്പററി എത്രതന്നെ പറഞ്ഞാലും ഫലമുണ്ടാവാൻ പ്രയാസം. എങ്കിലും ഇതു ഒരു അപരിഹാൎയ്യമായ ദുശ്ശീലമല്ലെന്നു പലൎക്കുമറിയാം; അതുകൊണ്ടു ഇതുപോലെതന്നെ ഇതിനെ തടുപ്പാനുള്ള ശ്രമവും ലോകത്തു വൎദ്ധിച്ചാണു് വരുന്നതെന്നു കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

മദ്യലഹരിയെപ്പററി മനസ്തത്വശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിൽ പ്രഥമഗണനീയനായ ഡാക്ടർ ജാർജ്ജ് കട്ട്ളർ എന്ന മനസ്സശാസ്ത്രപണ്ഡിതർ വളരെക്കാലത്തെ പരിശോധനയുടെ ശേഷം ഈയിടെ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു. "മദ്യലഹരി" സിരകളെയും തലച്ചോറിന്റെ പ്രധാന ഭാഗങ്ങളെയും വികലമാക്കുന്നു. സിരകളുടെ ശക്തി ക്ഷയിച്ചുപോകുന്നതോടുകൂടി ശ്രമസാദ്ധ്യമായ പ്രവൃത്തികൾക്കു മനുഷ്യൻ യോഗ്യനല്ലാതെ തീരുന്നു, എന്നാൽ മദ്യപായിയുടെ മിഥ്യയായ വിശ്വാസം പാനംകൊണ്ടു താൻ വളരെ ഹൃദയോന്മേഷത്തെയും ശക്തിയേയും അനുഭവിക്കുന്നു എന്നാണുതാനും. കുടിവൎദ്ധിച്ചു വരുന്നതോടുകൂടി ഏററവും ഉൽകൃഷ്ടമാതൃകയിലുള്ള സ്ത്രീപുരുഷന്മാരുടെ അഭാവം നേരിടുന്നതായി അദ്ദേഹം അനുതപിക്കയും സ്വരാജ്യാഭിമാനികൾ ഈ വിഷയത്തിൽ പ്രത്യേകം ദൃഷ്ടിവയ്ക്കണമെന്നു ഉപദേശിക്കയും കൂടി ചെയ്യുന്നു.

മദ്യങ്ങൾക്കു ഗവൎമ്മെന്റിൽനിന്നു ചുങ്കം ഏൎപ്പെടുത്തുന്നതു് കുടി കുറപ്പാനായിട്ടാകുന്നു. എന്നാൽ ഇതിനങ്ങിനെവില കൂട്ടീട്ടു ഉദ്ദേ

ശിച്ച ഫലമുണ്ടാകുന്നില്ല. ഗവൎമ്മെൻറിന്നു ഇതുകൊണ്ടു കൊല്ലംതോറും ആദായം വൎദ്ധിക്കുന്നുവെന്നുമാത്രമെയുള്ളൂ.

മദ്രാസു സംസ്ഥാനത്തെ മദ്യപാനവൎദ്ധനയെപ്പററി കണക്കു കാണിച്ചിട്ടു ഈയിടെ പാൎല്യമെൻറു സഭയിൽ ഒരു മെംബർ ഈ വൎദ്ധനയെ തടുപ്പാൻ ഗവൎമ്മെൻറു എന്തു ചെയ്വാൻ പോകുന്നു എന്നു ചോദിക്കയുണ്ടായി. ഇതിന്നു ഷാപ്പുകളുടെ സംഖ്യ ചുരുക്കാനും, നാട്ടുമദ്യങ്ങളുടെ ചുങ്കം വൎദ്ധിപ്പിപ്പാനും, ലഹരിയേറിയ മദ്യങ്ങളുടെ ചിലവു ചുരുക്കാനുമായി കഴിഞ്ഞ അക്ടോബർ മുതൽ മദ്രാസുഗവൎമ്മെൻറു ശ്രമിച്ചുവരുന്നതായി സ്റ്റേററു സിക്രട്ടറി അവർകൾ അറിയുന്നു എന്നാണ് അണ്ടർ സിക്രട്ടറി അപ്പോൾ മറുപടി പറഞ്ഞതു്. ഇപ്പോൾ മദ്യഷാപ്പുകളുടെ സംഖ്യയേയും അവ സ്ഥാപിക്കപ്പെടേണ്ട സ്ഥലങ്ങളെയും സംബന്ധിച്ചു എക്സൈസ് കമ്മിററിയുടെ ശുപാൎശയിന്മേൽ ഒരു അന്വേഷണം നടത്തപ്പെടുകയും അതിന്റെ ഫലമായി ഷാപ്പുകളുടെ സംഖ്യ മുൻകൊല്ലത്തെതിനെ (1907—08) അപേക്ഷിച്ചു പത്തിനൊന്നു കണ്ടു കുറവു ചെയ്യേണ്ടതാണെന്നു ആലോചിച്ചുവരികയും ചെയ്യുന്നുവത്രെ.

ചെറുപ്പക്കാരുടെ സിഗറററുവലി മുതലായ ദുശ്ശീലങ്ങളും ഈയിടെ പാൎല്യമെൻറിന്റെ ദൃഷ്ടിയിൽ എത്തീട്ടുണ്ടു. കുട്ടികളോടുമാതാപിതാക്കന്മാൎക്കുണ്ടായിരുന്ന സഹജമായ സ്വാതന്ത്ര്യങ്ങളെ കൂടി ചട്ടങ്ങൾ ഏൎപ്പെടുത്തി കുറച്ചു കളഞ്ഞിരിക്കുന്ന ഇക്കാലത്തു ഈ വക കാൎയ്യങ്ങളിൽ എല്ലാം ഗവൎമ്മെൻറു തന്നെ തലയിടുന്നതു സ്വാഭാവികവും ന്യായ്യമാണെല്ലോ. സെൎമ്മറിലെ രാജാവും ആ സംസ്ഥാനത്തിൽ ഈയിടെ ഇതിനെ സംബന്ധിച്ചു ഒരു നിയമം ഏൎപ്പെടുത്തിയിരിക്കുന്നു. അതിൻപ്രകാരം ൧൬ വയസ്സിന്നു താഴെയുള്ള കുട്ടികൾ ചുരുട്ടോ, സിഗരററോ, പുകയിലയോ മററതെങ്കിലും ലഹരിസാധനങ്ങളോ വലിക്കുകയും ഏതു പ്രകാരത്തിലെങ്കിലുമുള്ള മദ്യങ്ങൾ ഉപയോഗിക്കയും സമ്മതിക്കപ്പെട്ട ഒരു വൈദ്യന്റെ കുറിപ്പിൻപ്രകാരമല്ലാതെ ഏതെങ്കിലും ലഹരിസാധനങ്ങൾ ഉപയോഗിക്കയും ചെയ്താൽ യഥാക്രമം തടവും, പിഴയും; അടിയും ശിക്ഷ വിധിക്കപ്പെടുന്നതാണത്രെ.

നമ്മുടെ നാട്ടിലും ഇങ്ങിനെ വല്ലതും ഒരു ചട്ടം ഏൎപ്പെടുത്തേണ്ടകാലം ആസന്നമായിരിക്കയല്ലയോ എന്നു ചില ദിക്കിലെ ചെറുപ്പക്കാരുടെ അവസ്ഥ കണ്ടാൽ തോന്നും.

---

## പരിഷ്കൃത രീതിയിലുള്ള
## കൃഷിയായുധങ്ങൾ.

പഞ്ചാബിലെ കൃഷി ഡിപ്പാർട്ടുമെൻറിൽ നിന്നു ഈയിടെ പുതിയതരം കൃഷിയായുധങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ആ വക ആയുധങ്ങൾ ചില്ലറ കൃഷിക്കാർക്കു വാങ്ങി ഉപയോഗിപ്പാൻ തക്കവണ്ണം വിലസുലഭമായുള്ളതും അവർക്കു കൂടിയേ കഴിയു എന്നുള്ളതുമല്ലെങ്കിലും വലിയ കൃഷിക്കാർക്കു വളരേ ഉപയോഗപ്രദമായും ആദായകരമായും ഇരിക്കുമെന്നു കാണുന്നതിനാൽ അവയുടെ പേരും വിവരവും താഴേ കുറിക്കുന്നു.

1. "Raja" Wheat-Reaping Machine "രാജ" കോതമ്പു കൊയിത്തു യന്ത്രം. ഇതു് ഏക്കർ ഒന്നിനു രണ്ടര ഉറുപ്പികയോളം കൊയിത്തുകൂലി കൊടുക്കേണ്ടിവരുന്നതും നിലം ഉറപ്പുള്ളതുമായ തോട്ടവാരം പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുന്നതാകുന്നു. ഇതിനു ൨൱ ക. വിലയാണു. കോതമ്പു കൊയിത്തിനെന്നപോലെ നെല്ലുകൊയ്യുന്നതിനും ഇതു ഉപയോഗപ്പെടാതിരിക്കില്ല.

2. "Raja" Winnwoing Machine "രാജ" പാററുയന്ത്രം. ഇതിനു വില ൭൱ ക. ആണു. ഇതു ഈ നാട്ടിൽതന്നെ ഉണ്ടാക്കാൻ അടുത്ത കൊല്ലം സാധിക്കുന്ന പക്ഷം വിലയിൽ വളരേ കുറവുണ്ടാകുമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. കൂലിക്കാർ വേണ്ടുവണ്ണം കിട്ടാതിരിക്കയും കൃഷി വളരെ അധികമായിരിക്കയും ചെയ്യുന്ന ദിക്കുകളിലാണ് ഇതിൻേറ പ്രധാന ഉപയോഗം. മേ, ജൂൻ, ഈ മാസങ്ങളിൽ കാററിൻേറ ഗതിയെ നിയമേന വിശ്വസിക്കാൻപാടില്ലാത്ത ദിക്കുകളിൽ സമയത്തിനു ധാന്യം പാററിയുണക്കി സൂക്ഷിച്ചു കൊള്ളുന്നതിനും അതുനിമിത്തം മഴയിൽ നിന്നും, കള്ളന്മാരിൽ നിന്നും നാശമുണ്ടാകാതിരിക്കുന്നതിനും കൂടി ഇതു വിശേഷാൽ ഉപയോഗപ്പെടുന്നു.

3. "Diamond" Plough 'വജ്രക്കലപ്പ' വില ൨൰ ക. ൮ ണ. കളകൾ നിറഞ്ഞതും ക്ലിപ്തകാലത്തിനുള്ളിൽ പൊടുന്നനേ നിലമൊരുക്കി വിത്തിടുന്നതിനു ബുദ്ധിമുട്ടുകൾ നേരിടുന്നതുമായ മരാമത്തു വക വെള്ളംകൊണ്ടു കൃഷിനടത്തുന്ന ഭൂമികളിലാണ് ഇതിൻേറ സാധാരണ ഉപയോഗം.

4 "Simplex" Chaff and fodder cutter. "സിംപ്ലെക്സ്" എന്ന പതിരും പുല്ലും നുറുക്കുന്ന യന്ത്രം വില ൪൨ ക. ൮ ണ.

ഇതു വളരെ കൃഷിയുള്ളവൎക്കും, കന്നുകാലികളെയും, കുതിരകളേയും വളൎത്തുന്നവൎക്കും ഉപയോഗമുള്ളതാണ്.

5. "Planet Juneor" hand hoe Single wheeled പ്ലാനെററി ജൂണിയർ എന്ന ഒററച്ചക്രമുള്ള മൺവെട്ടി. വില ക. ൨൨ ണ. ൮ ടി. ഇരട്ടച്ചക്രമുള്ളതു ക. ൩൪ ണ. ൮ ഇതു വരി നിരപ്പായി നട്ടിട്ടുള്ള ധാന്യങ്ങളുടെ കളകൾ പറിക്കുന്നതിനും മററും എല്ലാത്തരം ഭൂമികളിലും ഉപയോഗപ്പെടുത്താവുന്നതാണ്.

6. "Bullock hoe" എരുതു മൺവെട്ടി ഇതിൽ പല ഉപകരണങ്ങൾ ചേൎക്കപ്പെട്ടിട്ടുണ്ട്. ഒന്നാമത്തേതു് ഒരുതരം കലപ്പയാണ്. കിളച്ചിട്ടുള്ള നിലങ്ങളിൽ ഇതുകൊണ്ടു മൂന്നു നാടൻ കലപ്പകൾ കൊണ്ടു ചെയ്യാവുന്നത്ര വേലകൾ ചെയ്യാം. രണ്ടാമത്തേതു ഒരു കളപറിക്കുന്ന സാധനമാണ്. ഇത് വിതക്കുന്നതിനു മുമ്പിൽ നിലത്തിലുള്ള കളകൾ പറിച്ചുകളവാൻ ഉപയോഗപ്പെടുത്തുന്നു. മൂന്നാമത്തേതു വരിയായി വളൎന്നിട്ടുള്ള ധാന്യങ്ങളുടെ ചുവട്ടിലെ മണ്ണിളക്കാൻ ഉപയോഗപ്പെടുന്ന ഒരായുധമാണ്. നാലാമതൊന്നു മണ്ണുഴുതു മറിക്കുന്നതിനുപയുക്തമായ ഒരുപകരണവുമാകുന്നു.

വലിയഭൂമിയുടമസ്ഥന്മാർ ഈ യന്ത്രങ്ങൾ വരുത്തി പരീക്ഷിച്ചു ഗുണമുള്ളപക്ഷം തങ്ങളുടേയും തങ്ങളുടെ അയൽക്കാരുടേയും കൃഷിപ്പണിയെ ലഘൂകരിപ്പാൻ നോക്കുമെന്നു വിശ്വസിക്കുന്നു.

---

## പെരുങ്കററാഴ അല്ലെങ്കിൽ കടച്ചി.

ഇതിന്റെ നാരു ശുദ്ധിചെയ്യെടുത്തിട്ടും അതിനെപ്പിരിച്ചു കയറാക്കിയും ഒരു കച്ചവടം നടന്നുവരുന്നുണ്ടെന്നുള്ളതു പലൎക്കും അറിയാവുന്നതാണല്ലോ. യൂറോപ്പു മുതലായ അന്യരാജ്യങ്ങളിലെ ബസാറുകളിൽ ഇപ്പോൾ ഈ ചരക്കുകളുടെ ചിലവു ദിവസംപ്രതിയെന്നപോലെ വൎദ്ധിച്ചും ഇതിന്റെ ഉപയോഗം ജനങ്ങൾ അധികമധികം അറിഞ്ഞുവരികയാകുന്നു. അതുകൊണ്ടു ഈ കച്ചവടം ഇപ്പോഴത്തെ നിലയിൽ നിന്നു വളരെ അഭിവൃദ്ധിയിൽ വരാനിടയുണ്ട്. ചകരിയും കയറും തന്നെ ഇരുപത്തഞ്ചുകൊല്ലങ്ങൾക്കു മുമ്പു നമ്മുടെ രാജ്യത്തു ഒരു ഗണ്യമായ വാണിജ്യസാധനമായിരുന്നില്ല. ഇപ്പോഴതിന്റെ നിലനോക്കുക! ചില യൂറോപ്യൻ കമ്പ

നിക്കാർ ഈ കടച്ചിയെ സംബന്ധിച്ചു ഇപ്പോൾ വളരെ അന്വേഷണങ്ങൾ ചെയ്തുവരുന്നതായിക്കാണുന്നു. അവർ നിശ്ചയമായും പല ദിക്കിലും കടച്ചിത്തോട്ടങ്ങൾ ഏർപ്പെടുത്തി കൃഷി തുടങ്ങാതിരിക്കയില്ലെന്നു തോന്നുന്നു. നമ്മുടെ നാട്ടിൽ ഈ ചെടി പല സ്ഥലങ്ങളിലും ധാരാളമുണ്ടാകുന്നതാണെന്നു ആൾക്കറിയാം. ചില ദിക്കുകളിൽ വേലിക്കായി ഉപയോഗപ്പെട്ടുത്തിവരുന്ന ഇതു് ഒരിക്കൽ ആ വേലിയാൽ രക്ഷിക്കപ്പെടുന്ന കൃഷികളേക്കാൾ വിലയേറിയ സാധനമായിത്തീരാൻ മതി.

മദ്രാസിലെ കൃഷിഡയറക്ടർ ഈയിടെ ഇംഗ്ലണ്ടിലേക്കു മൂന്നുതരം കടച്ചിനാരുകൾ പരീക്ഷാർത്ഥം അയച്ചിരുന്നുവത്രെ. അതിൽ ഒരുതരം ("സിസാൽ" എന്നും പറയും) നല്ല ഗുണവും, വളരെ പ്രകാശവും, മിക്കവാറും വെളുപ്പും, വെളുപ്പുപടച്ചഞ്ഞ ഒരു മഞ്ഞ നിറവുമുള്ളതായിരുന്നു. നല്ലബലവും, മൂന്നടിയോളം നീളവും ഉണ്ടായിരുന്നു. ഇതിനു അവിടത്തെ വാണിജ്യനിപുണന്മാരുടെ പരീക്ഷയിൽ ഒരു ടൺ തൂക്കത്തിനു നന്ന മുതൽ നവ്വ വരെ പവൻവിലയുണ്ടാകുമെന്നു കണ്ടിരിക്കുന്നു. നിറം ഒരേമാതിരിയായും മിക്കവാറും ശുദ്ധ വെളുപ്പായുമിരുന്നെങ്കിൽ ഈ നാരിനു ഇതിനെക്കാൾ അധികം വിലവരുമായിരുന്നു എന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. കടച്ചിയുടെ വരാൻപോകുന്ന മാഹാത്മ്യത്തിൽ നമ്മുടെ നാട്ടുകാരുടെ കണ്ണു കാലെക്കൂട്ടി എത്തിയാൽ നന്നു.

---

ശ്രീനാരായണ പരമഹംസരുടെ
ജന്മർക്ഷാഘോഷത്തുന്നാൾ
ഭക്തിപൂർവം രചിക്കപ്പെട്ട

# വഞ്ചിപ്പാട്ട്.

വാണിനാവിൽവഴിപോലെ വാണരുകാൾവാനവിവാനി!
വാണിമണി! താണുകൊണ്ടു വണങ്ങീടുന്നേൻ;
പാണിരണ്ടുംപണയംപോൽ പ്രാണനാഥെപണിയെന്യേ
പ്രീണനത്തിന്നീശെ! ഭക്തൻ പണിഞ്ഞുചേർത്തേൻ;
മതിമതീ! മതിമുഖി! മനതാരിൽമതിചേർപ്പാൻ
പതിരറ്റമൊഴിവഴി പതിക്കദേവി;
കളവാണി! കളമവന്യെ കളവാക്യകളിഹൃത്താർ–

കളത്തിങ്കൽ കളിപ്പിക്ക കളിയാക്കൊല്ലെ;
കളങ്കമായ് നിഷ്കളങ്കസ്വരൂപിണി! കിളിയെന്നും
വിളിക്കേനേർവിളികൊണ്ടുള്ളാമരപ്പാൻ
ക്ഷിതിതങ്കൽസ്ഥിതിചെയ്യും ഗതിമന്നോ ഗതൽചാരു–
ഗതിഭൂതൻനാണുദേവൻ നാണ ക്രൂടാതെ
തളിരൊത്തതിരുകരതലത്താലെൻതലയിങ്കൽ
തെളിവൊത്തുതലോടണം തെളിഞ്ഞുകേൾവാൻ;
ജനിമൃതിനിരയായ തിരതല്ലുംമഹാദേവ–
വനരാശിതരിക്കുവാൻ തരണിപോലെ
ശരണമില്ലാതെകണ്ടു കരണംകത്തുന്നവരെ
കരുണാസാഗരനാണുചരണപത്മം
തരണംചെയ്യുന്നനാനാകരണംനോക്കാതെയിപ്പോൾ,
തരണമപ്പദപത്മം ധരണീശരു;
ഏഴകളാമീഴവരെപ്പാഴിലാക്കാതിരുപ്പാനായ്
വഴങ്ങുന്നോനവാഴിയായ് തമ്പുരാൻനാണു,
ശ്രീനാരായണധർമ്മപരിപാലനയോഗമൊന്നു
ശ്രീനാരായണപരമഹംസരുണ്ടാക്കി,
വേദപാഠം ക്ഷേത്രകർമ്മം ഭേദമില്ലാതീഴവർക്കു
വേദ്യപ്പിച്ചുവേദവിത്താം പരമഹംസർ,
സ്വർഗ്ഗമാർഗ്ഗങ്ങളുടെചെമ്മെ നിർഗ്ഗമിപ്പാൻകല്പടപോൽ
സ്വർഗ്ഗദേവദേവക്ഷേത്രവർഗ്ഗമുണ്ടാക്കി,
അജ്ഞാനതമോഭരങ്ങളഖിലസംസാരസമയോഗി
വിജ്ഞാനഭാസ്സിനാലെല്ലാമില്ലാതെയാക്കി,
അരുവിപ്പുറമാകുന്നോരരുവിപ്പുറമതിങ്ക–
ലരുളുന്നധരാശ്ശരു വരംതരണം;
തിരുവിതാംകൂറിൽകൊച്ചി ധരണിയിൽമലബാറിൽ
തിരുചരണരേണുക്കൾ പറക്കമൂലം
പരിഷ്കാരപരിമളമിളകാശ്ശുഷ്കാന്തിപൂര–
പരിപൂതവാതപോതം കളിയാടുന്നു,
ദുരാചാര ദുർമ്മണങ്ങൾ ദുഷിച്ചുകൊണ്ടഖിലവും
ദൂരെയായിവേദസാരമാദരവായി,
വർണ്ണഭേദംകർണ്ണശ്രൂപദാക്കിനീക്കി പകരമായ്
മനോഗുണകർമ്മഭേദം മനസ്സിലാക്കി,
ഈവിധംവസുധാതങ്കൽ സദാചാരസദ്ഗുണങ്ങ–
ളാവോളംനിരന്നുവന്നു വഴിക്കുവഴി:—
തിരുപാദസ്മരണതന്നെ മരണത്തോളവുംദേവൻ
മറയാതെമറകററ ഗുരു മേൽക്കുമേൽ
വരുവാനായ് വരമൊന്നു തരണമീഷ് ഭവാംബുധി
തരണംചെയ്യുവാനും ശ്രീകരുണാകരൻ.

വാലിപ്പറമ്പിൽ ഉണ്ണിപ്പാറൻ.
വലപ്പാട്ട്.

9853
ROSE PUBLIC LIBRARY No. 10.. KOTTAYAM

# “എന്നിട്ടും”

—:o:—

ഓണം പുലർന്നതു അതിമനോഹരമായ സുദിനമായിട്ടായിരുന്നു. തലേ രാത്രി അല്പാല്പമായുണ്ടായിരുന്ന വർഷം കുട്ടികളെയൊക്കെ അത്യന്തം ഭയപ്പെടുത്തി. പുലർച്ച എഴുന്നീററു പൂ പറിക്കാൻ പോകുന്നതിനു മഴയൊരു വിഘ്നമായിത്തീരുമെന്നു അവർ വിചാരിച്ചു വ്യസനിച്ചിരുന്നു. പാതിരാവായപ്പോൾ മഴ കേവലം വിട്ടു. ആകാശത്തിൽ മേഘപടലങ്ങൾ കേവലം ഇല്ലാതെ ത്രയോദശിച്ചന്ദ്രൻ അനേകം നക്ഷത്രങ്ങളോടുകൂടി പ്രകാശിച്ചുതുടങ്ങി. ഉഷസ്സിനു മംഗലശ്ശേരി പ്രദേശത്തുള്ള കുട്ടികളൊക്കെ ആനന്ദഭരിതന്മാരായി എഴുന്നീററു അവരവരുടെ ‘കൊട്ട’കളും എടുത്തു പുഷ്പങ്ങൾ ശേഖരിക്കാൻ തൊടികളിലും പാടങ്ങളിലും പ്രവേശിച്ചു ഓണപ്പാട്ടുകൾ പാടി ഉല്ലസിച്ചുതുടങ്ങി. സൂര്യഭഗവാന്റെ വരവിനെ മുൻകൂട്ടി അറിയിക്കുന്നതിനെന്നതുപോലെ രശ്മികൾ ഭൂലോകത്തു വ്യാപിക്കാൻ തുടങ്ങുകയും അത്യുന്നതങ്ങളായ വൃക്ഷങ്ങൾ തങ്ങടെ ശിഖരങ്ങളെക്കൊണ്ടു അവയെ ആദരിച്ചു സ്വീകരിക്കയും ചെയ്തു.

അധികതാമസംകൂടാതെതന്നെ ചുട്ടുപഴുപ്പിച്ച അയഃപിണ്ഡത്തിന്റെ ശോഭാതിരേകത്തോടുകൂടി “ഉദിച്ചുപൊങ്ങി ഭഗവാനും”.

കേരളത്തിലൊട്ടുക്കും ഉള്ള ഹിന്തുസമുദായം ഒരു മഹോത്സവമായി കൊണ്ടാടുന്ന തിരുവോണംദിവസം ഇങ്ങിനെ പ്രകൃതിയുടെ കാരുണ്യംകൊണ്ടു അത്യന്തം മനോഹരമായിത്തീർന്നുവെങ്കിലും മംഗലശ്ശേരി പ്രദേശത്തുള്ള ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ പരിഭ്രമിപ്പിക്കുകയും വ്യസനിപ്പിക്കുകയും ചെയ്തു ഒരു കഠിനസംഭവവും അന്നുതന്നെ ഉണ്ടായി. മല്ലികക്കാട്ടു എന്ന വീട്ടിലെ ദാസി പെണ്ണൂട്ടി അമംഗളദേവതയുടെ അവതാരമെന്നപോലെ തലമുടി പറിച്ചുകീറി മാറത്തടിച്ചു നിലവിളിച്ചുകൊണ്ടു വൈദ്യൻ കുമരമംഗലത്തു മൂസ്സതിന്റെ ഇല്ലത്തേക്കു ഓടിപ്പോകുന്നതു കണ്ടവരൊക്കെ സംഗതിയെന്തെന്നറിയാതെ വളരെ പരിഭ്രമിച്ചു. അവളെ വഴിക്കുവെച്ചു കണ്ടവരിൽ ചിലർ തടുത്തിട്ടു വിവരം ചോദിച്ചതിൽ “എന്റെ പൊന്നമ്മയേ കൊന്നപ്പാ” എന്നു അവ്യക്തസ്വരത്തിൽ നിലവിളിച്ചു പറഞ്ഞതല്ലാതെ കാര്യമൊന്നും പറഞ്ഞില്ല.

വൈദ്യൻ മല്ലികക്കാട്ടിൽ എത്തിയപ്പോൾ അവിടെ പുരുഷാരവും നിറഞ്ഞിരിക്കുന്നു. മല്ലികക്കാട് എന്ന വീട് വളരെ പ്രാചീനമായതും ആ പ്രദേശത്ത് സാമാന്യം ധനപുഷ്ടിയുള്ളതും ആയിരുന്നു. കുഞ്ഞിരാമൻ എന്നു പേരായി ഒരു കാരണവർ വളരെ പണം സമ്പാദിച്ച് തറവാട് ധാരാളം പുഷ്ടിപ്പെടുത്തി. അദ്ദേഹത്തിനു ശേഷം തറവാട്ടിന്റെ അഭ്യുദയത്തെ കാംക്ഷിക്കുകയൊ അതിനായിയത്നിക്കാൻ പ്രാപ്തിയുണ്ടാകയൊ ചെയ്ത കാരണവന്മാർ ഉണ്ടായില്ലെന്നുമാത്രമല്ല, കുറേ മുടിയന്മാർ ജനിച്ചുവളർന്നു. സ്ത്രീജിതന്മാരും മദ്യപാനികളും ആയ ചിലൎക്ക് ചെറുപ്പത്തിൽതന്നെ ആ തറവാട്ടിലെ കാരണവസ്ഥാനം ലഭിച്ചിരുന്നതിനാലും അവരിൽ ആരുംതന്നെ വിദ്യാസമ്പന്നരല്ലായിരുന്നതിനാലും തറവാട്ടുവസ്തുക്കളൊക്കെ ക്രമേണ മുടിഞ്ഞുകൊണ്ടുവന്നു. വീട്ടിൽ സന്തതികളായ സ്ത്രീകളൊക്കെ തറവാട്ടുമാഹാത്മ്യവും പൂൎവ്വപുണ്യവുംനിമിത്തം വിവാഹംചെയ്യപ്പെട്ടിരുന്നതിനാൽ അവരൊക്കെ അവരവരുടെ ഭൎത്താക്കന്മാരുടെകൂടെയായിരുന്നുതാമസം. ഇക്കാലം തറവാട്ടിൽകാരണവരായ നാരായണനും അയാളുടെ ഭാൎയ്യ ദേവകിയമ്മയും കുറെ ഭൃത്യന്മാരും മാത്രമെ വീട്ടിൽതാമസമുള്ളൂ. ദേവകിയമ്മ വലിയ ദ്രവ്യസ്ഥനായ ഒരു കരാറുകാരന്റെ മകളാണ്. അവളുടെ അച്ഛൻ കല്ലൻമേസ്തിരി കരാർകൊണ്ട് ധാരാളം പണംസമ്പാദിച്ചുവെന്നല്ലാതെ വലിയൊരു തറവാടിയായിരുന്നില്ല. തനിക്കു വലിയ തറവാട്ടുകാരുമായി സംബന്ധംവേണമെന്നാഗ്രഹിച്ചിട്ടാണ് അതിസുന്ദരിയും സുശീലയുമായ തന്റെ പുത്രിയെ നാരായണന്ന് വിവാഹംചെയ്തുകൊടുത്തത്. പ്രായം, ദേഹസ്ഥിതി, സൌഭാഗ്യം മുതലായവകൊണ്ട് നാരായണൻ ദേവകിക്ക് യോജിപ്പുള്ള ഒരു ഭൎത്താവായിരുന്നു എന്നതിനു സംശയമില്ലെങ്കിലും, ദേവകിയുടെ സൽഗുണങ്ങളും സ്വഭാവവൈശിഷ്ട്യവും ബുദ്ധിപരിപാകവും മററും ആലോചിച്ചാൽ അവൾ നാരായണന്റെ ഭൎത്തൃയായിരിക്കാനല്ല സൃഷ്ടിക്കപ്പെട്ടതെന്നുതോന്നും. എങ്കിലും ഭാൎയ്യാഭൎത്താക്കന്മാർ അത്യന്തം സ്നേഹത്തിലും വിശ്വാസത്തിലും തന്നെ കാലക്ഷേപം കഴിച്ചുപോന്നു.

നാരായണൻ തൽക്കാലം വീട്ടിലുണ്ടായിരുന്നില്ല. ഒരാഴ്ചയായി [illegible] മാത്രം എവിടെയൊ പോയിരിക്കയാണ്. ഓണ[illegible] ങ്ങിവരുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

വൈദ്യൻ കോലായിലും മുററത്തുമുള്ള ആളുകളോട് [illegible] ക്കാതെ ബദ്ധപ്പെട്ടുകൊണ്ട് നില്ക്കും വീട്ടിന്റെ

അകത്തേക്കുകടന്നു "വാതിച്ചോൾക്കും പ്രാണാപായെ ജാതിച്ചോള്യം വേണ്ടാതൊട്ടുവാൻ" എന്നുള്ള പ്രമാണം വൈദ്യന്ന് നല്ലവണ്ണം അറിയാമായിരുന്നു. വൈദ്യൻ മുറിക്കകത്തുചെന്നുനോക്കുമ്പോൾ ദേവകിയമ്മ മാളികമേലുള്ള അവരുടെമുറിയിൽ കട്ടിലിനടുക്കെ ബോധമില്ലാതെ വീണുകിടക്കുന്നു. വേഗംചെന്ന് അദ്ദേഹം പരിശോധിച്ചപ്പോൾ മരിച്ചിട്ടില്ലെന്നും പക്ഷേ മരിക്കാൻ അധികമൊന്നും താമസം വേണ്ടിവരികയില്ലെന്നുംകണ്ടു. ദേവകിഅമ്മയുടെദേഹം പരിശോധിച്ചതിൽ അവരുടെ തലയുടെ പിൻഭാഗത്ത് കഠിനമായ ഒരു അടികൊണ്ടിരിക്കുന്നുവെന്നു വെളിപ്പെട്ടു. മൂസ്സത് അതിപ്രസിദ്ധനായ വൈദ്യനും ധാരാളം ലോകപരിചയമുള്ള മാന്യനുമായിരുന്നു. അദ്ദേഹം മുറിയിൽ നാലുപാടും ഒന്നു ക്ഷണത്തിൽ കണ്ണയച്ചു പരിശോധിച്ചതിൽ അടുക്കെയുള്ള ഒരു പെട്ടിതുറന്നിട്ടിട്ടുണ്ടെന്നും അതിന്നടുക്കെ ഒരു ചെറിയ ചന്ദനപ്പെട്ടി കിടപ്പുണ്ടെന്നും പെട്ടിയിലെ സാമാനങ്ങളൊക്കെ താറുമാറായി കിടക്കുന്നുണ്ടെന്നും കണ്ടു. ഉടനെ അദ്ദേഹം തിരിഞ്ഞുനോക്കിയപ്പോൾ വാതിലിനടുക്കെ നിൽക്കുന്നതായികണ്ട ഒരാളോട് "ഓടിപ്പോയി പോലീസ്സ് കാരെ കൂട്ടിക്കൊണ്ടുവരൂ, ഇതു കള്ളന്മാരുടെപ്രവൃത്തിയാണ്" എന്നുപറഞ്ഞു. അതുകേട്ട ആൾ ശേഷംകേൾക്കാൻ താമസിക്കാതെ ഏണിപ്പടിചാടിയിറങ്ങി പോലീസ്സ് സ്റ്റേഷനിലേക്ക് കുതിച്ചോടി. അദ്ദേഹത്തിന്റെപിന്നാലെ വേറെചിലരുംഓടി. ആരും വീട്ടിനകത്തുകടന്നുപോകരുതെന്ന ധൃതിയിൽ വൈദ്യൻ കല്പിച്ചുകൊണ്ട് തന്റെമടിയിൽ തിരുകിവെച്ചിരുന്ന ഒരു ചെപ്പുതുറന്നു ഒരു മരുന്നെടുത്തു ദേവകിയമ്മയുടെ മൂക്കിന്റെനേരെവെച്ചു. അതുകൊണ്ട് യാതൊരുഫലവും ഇല്ലെന്നുകണ്ട് ആ സ്ത്രീയെ സാവധാനത്തിൽ എടുത്തു അടുത്തുള്ള കട്ടിലിൽകിടത്തി എന്താണ് ചെയ്യേണ്ടതെന്നറിയാതെ വിഷണ്ണനായി തലയുംചൊറിഞ്ഞുകൊണ്ട് അവിടെനില്പായി. അപ്പോഴയ്ക്കും ദേവകിഅമ്മയുടെ ഭർത്താവ് നാരായണൻ വരുന്നുണ്ടെന്നു വെളിയിൽനിന്ന് ആരോപറയുന്നതുകേട്ടു. മൂസ്സത് വലിയൊരു ആശ്വാസസൂചകമായി ഒന്നു ദീർഘശ്വാസംചെയ്തു.

നാരായണൻ അത്യന്തം പരിഭ്രമിച്ചു കിതച്ചുവിളറികണ്ണിൽനിന്നു തുടുതുടെവെള്ളം ചാടിയനിലയിൽ അകത്തുപ്രവേശിച്ചു തന്റെ പ്രാണേശ്വരിയുടെ നില കണ്ടപ്പോൾ "എന്താണങ്ങുന്നെ, ഇതെന്തുകഥയാണ്? എന്റെ ഒണാട്ടുകുന്നമൊ ഈശ്വരാ ഇത്" എന്നുപറഞ്ഞഉടനെ മൂസ്സത അയാളെചെന്നു പിടിച്ചു "നാരായ

ണൻ വ്യസനിക്കുണ്ടാ. നാരായണന്റെ ഭാൎയ്യക്കു ഒന്നും വന്നിട്ടില്ല ക്കെക്ഷേിയാകും" എന്നു പറഞ്ഞ ഇതുകേട്ടപ്പോൾ നാരായണന്റെ പ്രകൃതിയൊന്നു മാറി കണ്ണിലെ വെള്ളം നിന്നു "എന്താ? ദേവകി മരിച്ചിട്ടില്ലെ?" എന്നുപറഞ്ഞു ഉടനെതന്നെ, "അങ്ങന്നെന്നെ ആശ്വസിപ്പിക്കാൻ വേണ്ടി പറകയാണൊ?" എന്നു ചോദിച്ചു.

മൂസ്സത് —"ഇല്ല മരിച്ചിട്ടില്ല നാരായണൻ വരു ഉടനെ ഒരു ഇംഗ്ലീഷുവൈദ്യനെ വിളിക്കട്ടെ. എന്നെക്കൊണ്ടു ഇവിടെയൊന്നും സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. സാധ്വസ്ത്രീയുടെ തലക്കു കഠിനമായ ഒരടികൊണ്ടിട്ടു തലയോടു ചതഞ്ഞുപോയിട്ടുണ്ടെന്നു തോന്നുന്നു ഇംഗ്ലീഷുവൈദ്യൻ കണ്ടാൽ പക്ഷെ വല്ലമാൎഗ്ഗവും ഉണ്ടായേക്കാം".

നാരായണൻ— വേണ്ട അങ്ങുന്നെ അങ്ങുന്നുതന്നെ വല്ലതും ചെയ്താൽമതി. എന്റെ അമ്മയുടെ സുഖക്കേടിനു അവിടുന്നു ചികിത്സിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നില്ലെ, അച്ഛന്റെ വിഡ്ഡിത്തം നിമിത്തം ഡാക്ടരെ വിളിച്ചു ചികിത്സിപ്പിച്ചതു്! കണ്ടില്ലെഫലം ഞാൻ തീൎച്ചയാക്കിയിരിക്കുന്നു, മേലാൽ ഇംഗ്ലീഷുവൈദ്യനെമാത്രം എന്റെ പടികയററുകയില്ലെന്നു്".

മൂസ്സത്—"രോഗം ഇതാവിധമല്ല ഇത് ഇംഗ്ലീഷുവൈദ്യൻ തന്നെ കാണേണ്ടതാണ്".

ഇംഗ്ലീഷുവൈദ്യനെ വിളിക്കുന്നതിന്നു നാരായണൻ എന്തായിട്ടും സമ്മതിച്ചില്ല. മൂസ്സതുതന്നെ വല്ലതും പ്രവൃത്തിക്കാൻ തീൎച്ചയാക്കി. ഉടനെ പോലീസുകാരും എത്തി.

ദേവകിയമ്മക്കു അവരുടെ അച്ഛൻ ധരാളം ആഭരണങ്ങൾ കൊടുത്തിരുന്നു. അവയൊക്കെ ഒരു ചന്ദനപ്പെട്ടിയിലാക്കി വലിയൊരു പെട്ടിയിൽ വച്ചിരുന്നു. അവയൊന്നും കാണാനില്ല. മുറിയുടെ മോലകത്തിൽക്കൂടി കള്ളന്മാർ പ്രവേശിച്ചു ഉള്ളപണ്ടങ്ങളൊക്കെ കട്ടുകൊണ്ടുപോകയും അപ്പോൾ ഉറക്കെ ഞെട്ടി നിലവിളിക്കുകയൊ, കള്ളന്മാരെ തടക്കാൻ ഭാവിക്കയൊ ചെയ്ത ദേവകിയമ്മയെ അവർ അടിച്ചു മോഹാലസ്യപ്പെടുത്തുകയും ചെയ്തതാണെന്നു പോലീസുകാർ തീൎച്ചയാക്കി. മാളികയിലെ മോലകത്തോളം എത്തുന്ന ഒരു വലിയ ഏണിപുറമെനിന്നു ചുവരോടുചാരിവെച്ചിട്ടുണ്ടു. അതിന്റെ അടിയിൽ നിലത്തു ചവിട്ടടികളുംഉണ്ട്. ഇനി കള്ളനെ കണ്ടറിയേണ്ടുന്ന ഭാരമെ പൊലീസിന്നുള്ളു. മാസിപെ

ണ്ണൂട്ടിയേയും വൈദ്യൻ മുസ്സതിനേയും പോലീസുകാർ വിസ്തരിച്ചു.

പതിവുപ്രകാരം രാവിലെ ദേവകിയമ്മ താഴത്തിറങ്ങിച്ചെല്ലാസ്സയാൽ പെണ്ണൂട്ടി അവരെ അന്വേഷിച്ചു മുകളിലേക്കു ചെന്നുവെന്നും അപ്പോൾ അവർ നിലത്തുകിടക്കുന്നതു കണ്ടുവെന്നും അവൾ പരിഭ്രമിച്ചു അടുത്തു ചെന്നു നോക്കിയപ്പോൾ ദേവകിയമ്മ ചത്തുപോയിരിക്കയാണെന്നു അവൾ വിചാരിച്ചെന്നും ഉടനെ വൈദ്യൻെറ അടുക്കൽ ഓടിപ്പോയതാണെന്നും അവൾ പറഞ്ഞു. അവൾ താഴത്താണ് കിടപ്പാറ്. തലെദിവസം രാത്രി അവൾ വാതൽ തുറക്കുന്ന ഒച്ച കേട്ടിരുന്നു. എജമാനൻ വന്നിരിക്കയാണെന്നു വിചാരിച്ചാണ് അവൾ ഒന്നും അന്വേഷിക്കാതിരുന്നത്. വീട്ടിൽ അവളെക്കൂടാതെ ഒരു ദാസൻകൂടിയുണ്ട്. അവൻ ഓണത്തിന്നു സമ്മതം വാങ്ങി തലെ ദിവസം വൈകുന്നേരം അവൻെറ വീട്ടിൽ പോയിരിക്കയാണ്.

പെണ്ണൂട്ടീ വിവരം പറഞ്ഞ ഉടനെ താൻ ഓടിവന്നുവെന്നും താൻ കാണുമ്പോൾ ദേവകിയമ്മ കമിഴ്ന്നുവീണിരിക്കയാണെന്നും പരിശോധിച്ചപ്പോൾ ചത്തിട്ടില്ലെന്നു കണ്ടുവെന്നും മററും വൈദ്യൻ പറഞ്ഞു.

ഓണത്തിന്നു സമ്മതം വാങ്ങി വീട്ടിൽ പോയ ദാസനറിയാതെ ഈ കാൎയ്യം നടക്കുന്നതല്ലെന്നു സമൎത്ഥനായ ഹെഡ്കാൺസ്റ്റബിൾ ക്ഷണത്തിൽ നിശ്ചയിച്ചു. അവനെ പിടിക്കാൻ ന്യറററിരുപത്തൊന്നിനെ ഓടിച്ചയച്ചു.

അതിലിടക്കു മുസ്സതു രോഗിയുടെ മൂൎദ്ധാവിലിടാൻ ചില മരുന്നുകളും മററും തയ്യാറാക്കി തന്നാൽ കഴിയുന്നതൊക്കെ പ്രവൃത്തിച്ചുതുടങ്ങി. പല്ലു കടിയിട്ടുപോയിരുന്നതിനാൽ വയററിലേക്കു മരുന്നു യാതൊന്നും കൊടുക്കാൻ സാധിച്ചില്ല. എങ്കിലും ഒരു നസ്യം ചെയ്തു. നസ്യം ചെയ്തു അല്പം കഴിഞ്ഞപ്പോൾ ദേവകിയമ്മ കണ്ണിൻെറ പുരികം അല്പമൊന്നാട്ടി. രണ്ടാമതും ഒരു നസ്യം വേണമെന്നു വൈദ്യൻ അഭിപ്രായപ്പെട്ടപ്പോൾ "അയ്യോ വൈദ്യരെ, എന്തിന്നുപദ്രവിക്കുന്നു ഇതുകൊണ്ടുതന്നെ ബോധം വരുമെന്നു തോന്നുന്നുണ്ടല്ലൊ" എന്നു നാരായണൻ പറഞ്ഞു. എന്തായാലും നാരായണൻെറ തടസ്ഥം ഗണ്യമാക്കാതെ വൈദ്യൻ രണ്ടാമതും നസ്യം ചെയ്തു.

ദേവകിയമ്മക്ക് ഓൎമ്മവന്നുകഴിഞ്ഞാൽ കള്ളൻെറ വിവരം അവർ പറയുമെന്നും പിന്നെ കള്ളനെയൊ കള്ളന്മാരെയൊ പി

ടിക്കാൻ പ്രയാസമുണ്ടാകയില്ലെന്നും ഹേഡ് കാൺസ്റ്റബിൾ വിചാരിച്ചു ആസ്ത്രീക്ക് അല്പം ബോധംവരുന്നതുവരെ പാൎത്തുനിന്നു. രണ്ടാമത്തെ നസ്യം കഴിഞ്ഞു അല്പം താമസിച്ചപ്പോൾ ദേവകി അമ്മ കണ്ണുതുറന്നു നാലുപാടും ഒന്നുനോക്കി ഉടനെ നാരായണൻ വലിയൊരു ദീൎഘശ്വാസം കഴിച്ചു അടുത്ത ഒരു കസേലയിൽ ഇരുന്നു കൈകൊണ്ട് മുഖം പൊത്തിപരിഭ്രമിച്ചുതുടങ്ങി. ഉടനെ വൈദ്യൻ അദ്ദേഹത്തിന്റെ കൈപിടിച്ചു കട്ടിലിനടുക്കെ നിൎത്തിദേവകിയമ്മയോടായി.

"ഇതാ, ദേവകിയുടെ ഭൎത്താവിതാ വന്നിട്ടു കണ്ടുവോ?" എന്നു ചോദിച്ചു.

ദേവകിയമ്മയുടെ മുഖത്തു ഉടനെ ഒരു പ്രസന്നത ഉണ്ടായപോലെ കാണപ്പെട്ടു. ആ പ്രസന്നത അരനിമിഷമെ ഉണ്ടായുള്ളൂ. ഉടനെ ഒരുഭയം അവളെ ബാധിച്ചപോലെ തോന്നി. സാധു നാരായണന്റെ മുഖത്ത് കഠാരംകൊണ്ടു കുത്തിയാൽ ഒരുതുള്ളി ചോര കാണുകയില്ല, ദേവകിയമ്മ, പക്ഷെ, ഇനിയും മൂൎച്ഛിച്ചെങ്കിലൊ എന്നു വിചാരിച്ചു ഹെഡ് കാൺസ്റ്റേബിൾ അടുത്തുചെന്നു, "ആരായിരുന്നു?" എന്നു ചോദിച്ചു. ദേവകിയമ്മ സാവധാനത്തിൽ.

"കറുത്തു തടിച്ച ഒരു മാപ്പിള" എന്നുപറഞ്ഞു പിന്നെയും കണ്ണടച്ചു. രണ്ടുമിനിട്ടുകഴിഞ്ഞപ്പോൾ അടുത്ത മുറിയിൽനിന്നു ഒരു വെടിയൊച്ചകേട്ടു ഹെഡ് കാൺസ്റ്റേബിളും മൂസ്സതും തിരിഞ്ഞുനോക്കുമ്പോൾ നാരായണനെ കാണാനില്ല. അടുത്തമുറിയിൽചെന്നു നോക്കുമ്പോൾ അവൻ രക്തത്തിൽ മുഴുകി പ്രാണനിട്ടുപിടക്കുന്നു അടുക്കെ ഒരു കൈത്തോക്കും ഉണ്ട്.

നാരായണൻ വലിയൊരു മദ്യപാനിയും ചൂതാടിയും ആയിരുന്നു. തറവാട്ടുമുതൽ അവൻ ധാരാളം മുടിച്ചു. ഓണത്തിനു മുമ്പ് ഒരാഴ്ച അവൻ ചൂതുകളിച്ചു വളരെ പണം തോററു. തന്റെ ഭാൎയ്യയുടെ പണ്ടങ്ങൾ അവൾ അറിയാതെ എടുത്തുകൊണ്ടുപോയി പണയംവയ്ക്കാമെന്നുവച്ചു രാത്രി അവളുടെ മുറിയിൽ കയറി പണ്ടമെടുക്കുമ്പോൾ അവൾ അറിഞ്ഞുപോയി പെട്ടന്നുണ്ടായ ലജ്ജയും അപമാനവും ഓൎത്തു അവളെ തന്റെ കൈയിലുണ്ടായിരുന്നവലിയഗദകൊണ്ടു അടിച്ചു. അവൾമോഹാലസ്യപ്പെട്ടുപോയപ്പോൾമരിച്ചിരിക്കുമെന്നു വിചാരിച്ചു ഓടിപ്പോയി. പിറേറദിവസം തന്റെ സഞ്ചാരത്തിൽനിന്നും മടങ്ങിവരുന്നവിധത്തിൽ വന്നതായിരു

നു. തന്റെ ഭൎത്താവാണ് അങ്ങിനെ ചെയ്തതെന്നു ദേവകിയമ്മ നല്ലവണ്ണം അറിഞ്ഞു. "എന്നിട്ടും" അദ്ദേഹത്തെ രക്ഷിപ്പാൻവേണ്ടി ആ മോഹാലസ്യത്തിൽ നിന്നു വിവൎത്തയായ ആ സമയത്തു പോലും മാപ്പിളയാണ് തന്നെ ആ വിധം ചെയ്തതെന്നു കളവുപറഞ്ഞു. പുരുഷന്റെ മദ്യപാനത്തിനും ചൂതുകളിക്കും മററു ദുരാചാരങ്ങൾക്കുംകൊലപാതകത്തിനുതന്നെയും സ്ത്രീയുടെ സ്നേഹത്തേയുംപ്രണയത്തേയും ഇല്ലായ്മചെയ്യാൻസാധിക്കയില്ല.

മൂക്കോത്തു കുമാരൻ

---

# ആത്മോപദേശശതകം

തുടൎച്ച.

ഒളിമുതലാം പഴമഞ്ചുമുണ്ടുനാറും-
നളികയിലേറി നയേനമാറിയാടും,
കിളികളെ യഞ്ചുമരിഞ്ഞുകീഴമറിക്കും
ഒളിവുരുവേന്തിയകം വിളങ്ങിടേണം ൮

ഇരുപുറവുംവരുമാറവസ്ഥയെപ്പൂ
ണ്ടൊരുകൊടിവന്നു പടൎന്നുപൊങ്ങിമേവും
തരുവിനടിക്കു തപസ്സുചെയ്തുവാഴും
നരനുവരാ നരകംനിനച്ചിടേണം ൯

ഇരുളിലിരുപ്പവ,നാരുചൊൽകനീ,യെ
ന്നൊരുവനുരപ്പതു കേട്ടു,താനുമേവം
അറിവതിനായവനോടു,നീയുമാരെ
ന്നരുളുമതിൻപ്രതിവാക്യമേകമാകും; ൧൦

"അഹ" "മഹ"മെന്നരുളുന്നതൊക്കെയാരാ
യുകിലകമേ പലതല്ലതേകമാകും
അകലുമഹന്തയനേകമാകയാലീ
തുകയിലഹം പൊരുളും തുടൎന്നിടുന്നു ൧൧

തൊലിയു,മെല്ലുമ്പു,മലംമൂത്രമന്തഃ
ക്കലകളുമേന്തുമഹന്ത കാമ്പിലോല;
പൊല്ലായുമി,തന്യപൊലിഞ്ഞുപൂർണ്ണമാകം
വലിയൊരഹന്ത വരാവരംതരേണം ൨൨

ത്രിഗുണമയം തിരുനീറണിഞ്ഞൊരീശ
ന്നകമലർ ട്ടുവണങ്ങിയക്ഷമാറി,
സകലവുമഴിഞ്ഞുതണിഞ്ഞുകേവലത്തിൻ
മഹിമയുമററു മഹസ്സിലാണിടേണം ൨൩

ത്രിഭുവനസീമ കടന്നു തിങ്ങിവിങ്ങും
ത്രിപുടിമുടിഞ്ഞു തെളിഞ്ഞിടുന്നദീപം
കപടയതിക്കു കരസ്ഥമാകവില്ലെ
ന്നുപനിഷദുക്തിരഹസ്യമോതിടേണം ൨൪

പരയുടെപാലുനുകന്ന ഭാഗ്യവാന്മാ
ർക്കൊരു പതിനായിരമാണ്ടൊരല്പനേരം
അറിവപരപ്രകൃതിക്കധീനമായാ
ലരനൊടി യായിരമാണ്ടുപോലെതോന്നും ൨൫

അധികവിലാസ മരുപ്രദേശമൊന്നായ്
നദിപെരുകുന്നതുപോലെ വന്നനാദം
ശ്രുതികളിൽവീണുതുറക്കുമക്ഷിയെന്നും
യതമിയലും യതിവര്യനായിടേണം ൨൬

അഴലെഴുമഞ്ചിതളാൻ രണ്ടുതട്ടായ്
ചുഴലുമനാദിവിളക്കു തൂക്കിയാത്മാ
നിഴലുരുവായെരിയുന്നു നെയ്യുതോമൻ
പഴകിയവാസനവർത്തി വൃത്തിയത്രെ ൨൭

അഹമിരുള ല്ലിരുളാകിലാന്ധനായ് നാ
മഹമഹമെന്നറിയാതിരുന്നിടേണം
അറിവതിനാ ലഹമന്ധകാരമല്ലെ
അറിവതി നിങ്ങനെ യാർക്കുമോതിടേണം ൨൮

അടിമുടി യററമതുണ്ടിതുണ്ടതുണ്ടെ
ന്നടിയിടമാദി മസത്തയുള്ളതെല്ലാം
ജഡമിതു സർവ്വമനിത്യമാം ജലത്തിൻ
വടിവിനെവിട്ടു തരംഗമന്യ മാമോ? ൨൯

(തുടരും)

# രാജയോഗം

തുടർച്ച.

ലോകത്തിൽകാണുന്ന ഈ വിജ്ഞാനങ്ങളെല്ലാം മനശ്ശക്തിയുടെ ഏകാഗ്രതകൊണ്ടല്ലാതെ എങ്ങിനെയുണ്ടാവാം? പ്രകൃതി തന്റെ രഹസ്യത്തെ തുറന്നുകാട്ടിത്തരാൻ എപ്പോഴും സന്നദ്ധയാകുന്നു. മർദ്ദിപ്പാൻമാത്രം നാം അറിഞ്ഞിരുന്നാൽമതി. ആവശ്യമുള്ള മർദ്ദനം പ്രകൃതിക്കുനൽകണം. മർദ്ദനത്തിനു ഊക്കും ശക്തിയും ഉണ്ടാകേണ്ടതു് ഏകാഗ്രതയിൽനിന്നാണ്. മനുഷ്യന്റെമനസ്സിൽ അടങ്ങിക്കിടക്കുന്ന ശക്തിക്ക് അതിരില്ല. മനസ്സ് എത്ര അധികം ഏകാഗ്രമാകുന്നുവോ അത്രയധികംശക്തി അതിന്റെ ഒരുഭാഗത്തുവന്നുകൂടുന്നു. അതാണ് രഹസ്യം.

ബാഹ്യവസ്തുക്കളിൽ മനസ്സിനെ ഏകാഗ്രപ്പെടുത്തുന്നതു് എളുപ്പമാകുന്നു; മനസ്സിന്റെഗതി സ്വഭാവേനതന്നെ വെളിക്കോട്ടാണ്. എന്നാൽ മതത്തിന്റെയും അന്തഃകരണ ശാസ്ത്രത്തിന്റെയും തത്വശാസ്ത്രത്തിന്റെയും വിഷയത്തിലാകട്ടെ, ജ്ഞാതാവും, ജ്ഞേയവും ഒന്നുതന്നെ ആയിരിക്കുന്നു. ജ്ഞേയം ആന്തരമാകുന്നു. മനസ്സുതന്നെയാണ് ജ്ഞേയം. മനസ്സിനെത്തന്നെ നോക്കിയറിയുന്നതു് ആവശ്യമായിവരുന്നു. മനസ്സ് മനസ്സിനെ നോക്കിയറിയുന്നു. ചിന്തനംഎന്നു പറയപ്പെടുന്ന ഒരുശക്തി മനസ്സിനുണ്ടെന്നു നമുക്കറിയാമല്ലൊ. ഞാൻ നിങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കുന്നു; അതേസമയംതന്നെ രണ്ടാമതൊരാളെന്നുതോന്നുമാറു മാറിനിന്നിട്ടു സ്വയമേവ ഞാൻ സംസാരിക്കുന്നതിനെ അറിയുകയും, കേൾക്കുകയുംകൂടിചെയ്യുന്നു. നിങ്ങൾ ഒന്നു പ്രവൃത്തിക്കുകയും, അതേസമയംതന്നെ എന്തെങ്കിലും വിചാരിക്കുകയുംചെയ്യുന്നു. നിങ്ങളുടെ മനസ്സിന്റെ മറ്റൊരുഭാഗം മാറിനിൽക്കുകയും, നിങ്ങൾവിചാരിക്കുന്നതിനെ കാണുകയും ചെയ്യുന്നു. മനസ്സിന്റെശക്തികളെ ഏകാഗ്രപ്പെടുത്തുകയും, അതിന്മേൽതന്നെ അവയെ തിരിച്ചുവിടുകയും ചെയ്യണം. സൂര്യന്റെ പ്രസ്പുരമായ കിരണങ്ങൾ കടന്നുചെന്നു ഏററവും അന്ധകാരമയമായ പ്രദേശങ്ങളിലെ വസ്തുക്കളെക്കൂടി വെളിവാക്കുന്നതുപോലെ ഏകാഗ്രീകരിക്കപ്പെട്ട മനസ്സ്, അതിന്റെതന്നെ ഏററവും ഉള്ളിലുള്ള രഹസ്യങ്ങളിലെക്കും ചെല്ലുന്നു. വാസ്തവവും, അദൃഷ്ടവുമായ വിശ്വാസത്തിന്റെ അല്ലെങ്കിൽ മതത്തിന്റെ അടിസ്ഥാനത്തിൽ നാം ഇങ്ങിനെ

വന്നെത്തണം. നമുക്കു ആത്മാക്കളുണ്ടോ ജീവിതം അഞ്ചു
നിമിഷത്തേക്കുമാത്രമുള്ളതോ, അല്ല, നിത്യമോ, ഈ പ്രപഞ്ച
ത്തിൽ ഒരീശ്വരനുണ്ടോ, ഒന്നുമില്ലയൊ എന്നൊക്കെ നമുക്കുവേണ്ടി
നാംതന്നെനോക്കിയറിയണം. അതെല്ലാംനമുക്കു വെളിപ്പെടും. ഇതാ
കുന്നുരാജയോഗശാസ്ത്രംനമ്മെ പഠിപ്പിപ്പാൻപോകുന്നതു്. അതിലെ
മുഴുവൻ ഉപദേശങ്ങളുടെയും ഉദ്ദേശ്യം മനസ്സിനെ ഏകാഗ്രപ്പെ
ടുത്തുന്നതും, നമ്മുടെ മനസ്സുകളിൽ ഉള്ള വസ്തുതകളെ ആവിഷ്കരി
ക്കുന്നതും പിന്നെ ആ വസ്തുതകളുടെ സാധർമ്മ്യനിർണ്ണയം ചെയ്തു
അവയിൽനിന്നു നമ്മുടെ സിദ്ധാന്തങ്ങളെ സ്വത്രപിക്കുന്നതും ആ
കുന്നു. അതുകൊണ്ടു നമ്മുടെ മതം എന്താണെന്നൊ, നാം ആ
സ്തികരൊ, നാസ്തികരൊ, ക്രിസ്ത്യാനികളൊ, യഹൂദന്മാരൊ, ബുദ്ധ
മതക്കാരൊ ആരാണെന്നൊ ഉള്ള ചോദ്യങ്ങൾ അതു ഒരിക്കലും
ചോദിക്കുന്നില്ല. നാം മനുഷ്യജീവികൾ, അതുമാത്രം മതി.
ഓരോ മനുഷ്യജീവിക്കും, മതത്തെപ്പററി അന്വേഷിപ്പാനുള്ള അ
ധികാരവും, ശക്തിയുമുണ്ടു്. ഓരോമനുഷ്യനും കാരണം എന്താ
ണെന്നു ചോദിപ്പാനും. തന്റെ ഈ ചോദ്യത്തിനു തന്നത്താൻ
ഉത്തരം പറവാനും അധികാരമുണ്ടു്. അവൻ അതിനായി ശ്രമിക്കു
ണം അത്രെവേണ്ടു.

ഇത്രയുംകൊണ്ടു രാജയോഗം അഭ്യസിക്കുന്നതിനു ഭക്തിയൊ
വിശ്വാസമൊ ആവശ്യമില്ലെന്നു നാം കാണുന്നുവെല്ലൊ "നിങ്ങ
ൾക്കുവേണ്ടി നിങ്ങൾതന്നെ അതിനെ കണ്ടറിയുന്നതുവരെ ഒന്നി
നേയും നിങ്ങൾ വിശ്വസിക്കരുതു്" എന്നാണു അതു് നമ്മെളോടു
പദേശിക്കുന്നതു്. സത്യത്തിന്നു താങ്ങിനില്പാൻ ഒരു ഊന്നുവേ
ണ്ടാ. നാം ജാഗ്രാവസ്ഥയിൽ കാണുന്ന സംഗതികളെ ശരിയാ
ണെന്നു സ്ഥാപിപ്പാൻ വല്ല സ്വപ്നങ്ങളോ മനോരാജ്യങ്ങളോ ആ
വശ്യമാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? നിശ്ചയമായും ഇല്ല.
രാജയോഗം അഭ്യസിക്കുന്നതിനു അധികകാലവും ഇടവിടാത്ത പ
രിചയവുംവേണം. ഈഅഭ്യാസത്തിന്റെ ഒരു ഭാഗംകായികമാണു്;
എന്നാൽ ഇതിന്റെ പ്രധാനഭാഗം മാനസികമാകുന്നു. മനസ്സശരീര
ത്തോടുഎത്ര അവ്യവഹിതമായി സംബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു
നമുക്കു വഴിയെ കാണാം. മനസ്സു ശരീരത്തിന്റെ സൂക്ഷ്മതരമാ
യ അംശം മാത്രമാണെന്നും, മനസ്സു ശരീരത്തിന്മേൽ വ്യാപരിക്കു
ന്നുണ്ടെന്നും നാം വിശ്വസിക്കയാണെങ്കിൽ അതുപോലെതന്നെ
ശരീരത്തിന്റെ വ്യാപാരം മനസ്സിനേയും ബാധിക്കുന്നതുതന്നെ.
ശരീരം അസ്വസ്ഥമാകുമ്പോൾ മനസ്സും അസ്വസ്ഥമായിത്തീരു

ന്നു. ശരീരത്തിന്നാരോഗ്യമുണ്ടെങ്കിൽ, മനസ്സും, ആരോഗ്യവും ശക്തിയും ഉള്ളതായിത്തന്നെയിരിക്കുന്നു. ഒരുത്തന്നു കോപമുണ്ടാകുമ്പോൾ അവന്റെ മനസ്സിൽ ഉപദ്രവം നേരിടുന്നു. അതുപോലെ മനസ്സിന്നു ഉപദ്രവം നേരിട്ടാൽ അപ്പോൾ ശരീരത്തിന്നും ഉപദ്രവമുണ്ടാകുന്നു. മനുഷ്യരിൽ ഭൂരിഭാഗത്തിന്നു മനസ്സ് കേവലം ശരീരത്തിന്നു കീഴടങ്ങിയാണിരിക്കുന്നത്. മനസ്സിന്നു വളരെ കുറഞ്ഞ പ്രൌഢതയെ വന്നിട്ടുള്ളു.

മനുഷ്യവർഗ്ഗത്തിന്റെ വലിയൊരു ഭാഗവും നിങ്ങൾ ദയചെയ്തു ക്ഷമിക്കുമെങ്കിൽ ഞാൻ പറയാം, മൃഗങ്ങളിൽനിന്നു അധികദൂരമൊന്നും എത്തീട്ടില്ല, അതുതന്നെയല്ല, പലസംഗതികളിലും നിയമനശക്തി താഴ്ന്നതരം ജന്തുക്കൾക്കുള്ളതിൽ നിന്നധികമൊന്നും വർദ്ധിച്ചിട്ടുമില്ല. നമ്മുടേ മനസ്സുകളുടേമേൽ നമുക്കു സ്വാതന്ത്ര്യം ചുരുക്കമാണു. അതുകൊണ്ട് സ്വാതന്ത്ര്യത്തെ ഉണ്ടാക്കേണം, ശരീരത്തേയും, മനസ്സിനേയും സ്വാധീനമാക്കാനും, ചില ശാരീരമായ സഹായങ്ങളെ നാം ആശ്രയിക്കണം. ശരീരം വേണ്ടവണ്ണം സ്വാധീനമായെന്നുകണ്ടാൽ അപ്പോൾ മനസ്സിനെ വശപ്പെടുത്താൻ നമുക്കു ശ്രമിക്കാം. അങ്ങിനെ വശപ്പെടുത്തുന്നതുകൊണ്ടു, നമുക്കു മനസ്സിനെ ആജ്ഞയിൽ നിറുത്താൻ കഴിയും, നമുക്കിഷ്ടമായവിധം അതിനെക്കൊണ്ടു പ്രവൃത്തിപ്പിപ്പാനും, നാം ആഗ്രഹിക്കുംവണ്ണം അതിന്റെശക്തികളെ ഏകാഗ്രപ്പെടുത്താൻ അതിനെ നിർബ്ബന്ധിപ്പാനുംകഴിയും.

രാജയോഗശാസ്ത്രപ്രകാരം, ബാഹ്യപ്രപഞ്ചം മുഴുവനും, ആഭ്യന്തരം, അല്ലെങ്കിൽ സൂക്ഷ്മമായ ലോകത്തിന്റെ സ്ഥൂലപരിണാമം അല്ലാതെ മറ്റൊന്നല്ല. സൂക്ഷ്മം എല്ലായ്പ്പോഴും കാരണവും, സ്ഥൂലം കാര്യവുമായിരിക്കും. അതുകൊണ്ടു ബാഹ്യപ്രപഞ്ചം കാര്യവും, ആഭ്യന്തരം കാരണവും ആണ്. അതുപോലെ വെളിയിലുള്ള ശക്തികളും സൂക്ഷ്മമായ ആന്തരശക്തികളുടെ സ്ഥൂലമായ ഭാഗങ്ങൾതന്നെ ആകുന്നു. ആന്തരശക്തികളെ വശപ്പെടുത്തേണ്ട ക്രമം കണ്ടുപിടിക്കയും പഠിക്കയും ചെയ്തിട്ടുള്ള ഒരുവൻ, പ്രകൃതിയെ മുഴുവൻ തനിക്കധീനയാക്കും. മുഴുവൻ പ്രപഞ്ചത്തേയും വശംവദമാക്കുകയും, പ്രകൃതിയെ മുഴുവൻ കീഴടക്കുകയും ചെയ്യുന്നതിനെക്കാൾ ലഘുവായ ഒരു ശ്രമത്തെയല്ല യോഗി തന്റെ കൃത്യമായുദ്ദേശിക്കുന്നത്. നാം "പ്രകൃതിനിയമങ്ങൾ" എന്നു പറയുന്നവയുടെ പ്രേരണകൾ ഒന്നും എത്താത്തതും, അവയിൽ നിന്നെല്ലാം തനിക്കു അകന്നുനില്ക്കാവുന്നതുമായ സ്ഥാനത്തിൽ

എന്താനാണ് യോഗി ആഗ്രഹിക്കുന്നത്. അയാൾ ആന്തരവും, ബാഹ്യവുമായ മുഴുവൻ പ്രകൃതിയുടെയും അധിപനായിത്തീരും. മനുഷ്യവർഗ്ഗത്തിൻെറ അഭിവൃദ്ധിയും, പരിഷ്കാരവും എല്ലാം ഈ പ്രകൃതിയെ കീഴടക്കുകയെന്നുള്ളതുതന്നെ.

പല വർഗ്ഗക്കാരുടേയും സമ്പ്രദായങ്ങൾക്കു വ്യത്യാസമുണ്ട്. ഒരു സമുദായത്തിൽതന്നെയുള്ള ചില പ്രത്യേക ആളുകൾ ബാഹ്യനിയമനത്തേയും മററു ചിലർ അന്തർന്നിയമനത്തെയും ആഗ്രഹിക്കുന്നതുപോലെ ഭിന്നവർഗ്ഗക്കാരുടെ ഇടയിലും, ചിലർ ബാഹ്യനിയമനം ചെയ്യാനും, ചിലർ അന്തർന്നിയമനം ചെയ്യാനും ആവശ്യപ്പെടുന്നു. ആന്തരമായ നിയമനം കൊണ്ടു നമുക്കു എല്ലാവറേറയും നിയമനം ചെയ്യാമെന്നു ചിലരും, ബാഹ്യനിയമനംകൊണ്ടു എല്ലാവറെറയും നിയമനം ചെയ്യാമെന്നു മററു ചിലരും പറയും. പരമാവധിയിൽ രണ്ടു കക്ഷികളുടെയും വാദം ശരിയാണ്. എന്തുകൊണ്ടെന്നാൽ ആഭ്യന്തരമാകട്ടെ ബാഹ്യമാകട്ടെ ഇല്ല. അതു ഒരിക്കലും ഉണ്ടായിട്ടില്ലാത്ത കല്പിതമായ വ്യവച്ഛേദമത്രെ. ബാഹ്യവാദി, ആഭ്യന്തരവാദി എന്നീ രണ്ടു കക്ഷികളും തങ്ങളുടെ ജ്ഞാനത്തിൻെറ പരമാവധിയെ പ്രാപിക്കുമ്പോൾ ഒരെസ്ഥാനത്തിൽ തന്നെ വന്നെത്തിയേ കഴിയൂ. ശരീരശാസ്ത്രജ്ഞൻ തൻെറ ജ്ഞാനത്തെ അതിൻെറ പൂർണ്ണതയിലേക്കു നയിക്കുമ്പോൾ അതു അദ്ധ്യാത്മശാസ്ത്രത്തിൽ ലയിച്ചുപോകുന്നതായിക്കാണുന്നതുപോലെ അദ്ധ്യാത്മശാസ്ത്രജ്ഞൻ താൻ മനസ്സെന്നും ജഡപദാർത്ഥമെന്നും പറയുന്നതെല്ലാം ഒരിക്കലുമില്ലാത്തവണ്ണം മറഞ്ഞുപോകേണ്ട ഭ്രമജന്യമായ ഭേദങ്ങളാണെന്നും കാണും.

എല്ലാ ശാസ്ത്രങ്ങളുടെയും അവധിയും ഉദ്ദേശ്യവും ഒരു ഏകവസ്തുവിനെ കണ്ടുപിടിക്കുകയെന്നുള്ളതാണ്, ഈ നാനാ വസ്തുക്കൾ എല്ലാം ഏതിൽനിന്നു രൂപീകരിക്കപ്പെടുന്നുവോ ആ ഏകവസ്തുവിനെ-അനേകമായിത്തോന്നിക്കൊണ്ടിരിക്കുന്ന ആ ഏക വസ്തുവിനെ. രാജയോഗ ശാസ്ത്രം ഉദ്ദേശിക്കുന്നതു ഉള്ളിൽ നിന്നു തുടങ്ങി അതായതു, ആഭ്യന്തര പ്രകൃതിയെ ആരാഞ്ഞറിഞ്ഞു അതു മാർഗമായി ആഭ്യന്തരവും ബാഹ്യവുമായ മുഴുവൻ ലോകത്തേയും നിയമനം ചെയ്യാനാകുന്നു. ഈ ശ്രമം വളരെപ്പുരാതനമാണ്. ഇതിൻെറ പ്രത്യേക സങ്കേത ഭൂമിയായിരിക്കുന്നതു ഇന്ത്യതന്നെ. എന്നാൽ മററു രാജ്യക്കാരും ഇതിൽ ശ്രമിച്ചുനോക്കീട്ടുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ ഇതു ഗൂഢവിദ്യയായി കരുതപ്പെട്ടിരിക്കുന്നു. ഇതിനെ അഭ്യസിപ്പാൻ ശ്രമിച്ച ജനങ്ങളെ ദുട്ടകളകയോ ആഭിചാ

ര വിദ്യക്കാരെയും മന്ത്രവാദികളെയും ചുട്ടോ കൊല്ലുകയോ ചെയ്തു
വന്നിരുന്നു. ഇന്ത്യയിൽ ഇതു് പല കാരണങ്ങളാൽ ഇതിനെ സം
ബന്ധിച്ച അറിവുകളിൽ നൂറിനു തൊണ്ണൂറും നശിപ്പിക്കയും ബാ
ക്കിയുള്ളതിനെ മഹാ രഹസ്യമാക്കുവാൻ ശ്രമിക്കയും ചെയ്ത ചില
ആളുകളുടെ കയ്യിലുമാണകപ്പെട്ടതു്. ഈ കാലങ്ങളിൽ (ഈ പാ
ശ്ചാത്യദേശത്തു്) ഉപദേഷ്ടാക്കന്മാരെന്നു പറഞ്ഞു പലയാളുകളും
പുറപ്പെട്ടിട്ടുണ്ടു. അവർ ഇന്ത്യയിലെ മേൽപറഞ്ഞ കൂട്ടരേക്കാൾ
മോശക്കാരാണു്. എന്തുകൊണ്ടെന്നാൽ അവർക്കു വല്ലതെങ്കിലും അ
റിയാം. ഈ പുതിയ പ്രതിനിധികൾക്കു ഒന്നുമറിഞ്ഞുകൂടാ.

രഹസ്യവും ഗൂഢവുമായി എന്തെല്ലാമുണ്ടോ ഈ യോഗസം
മ്പ്രദായ പ്രകാരം അവയെ ഉടനെ ഉപേക്ഷിച്ചു കളയേണ്ടതാ
ണു്. ബലമാണു് ജീവിതത്തിന്റെ ഉത്തമ നേതൃസ്ഥാനം വഹി
ക്കുന്നതു്. മതത്തിൽ മററുള്ള സർവ്വവിഷയങ്ങളിലും എന്ന പോ
ലെതന്നെ നിങ്ങളെ ദുർബ്ബലരാക്കുന്ന എന്തെല്ലാമുണ്ടോ അവയെ
തള്ളിക്കളകയും അവയുമായി ഇടപെടാതിരിക്കയും ചെയ്യുവിൻ.
ഗൂഢവിദ്യാവ്യാപാരങ്ങൾ എല്ലാം മനുഷ്യബുദ്ധിയെ ബലഹീനമാ
ക്കുന്നതാണ്. അതു നിമിത്തം ഈ യോഗശാസ്ത്രം മിക്കവാറും നഷ്ട
മായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ വാസ്തവത്തിൽ ഇതു അതിമഹത്തു
കളായ ശാസ്ത്രങ്ങളിൽ ഒന്നാണു്. നാലായിരത്തിൽപരം കൊല്ലങ്ങൾ
ക്കു മുമ്പ്. ഇന്ത്യയിൽ ഇതു കണ്ടുപിടിക്കപ്പെട്ട കാലം തുടങ്ങി വൃ
ത്തിയാംവണ്ണം ഇതിനെ നിർവ്വചിക്കയും നിരൂപണംചെയ്കയും,
പ്രസംഗിക്കയും ചെയ്തിട്ടുണ്ടു്. ഇതിന്റെ പുതിയ പുതിയ വ്യാ
ഖ്യാതാക്കന്മാർ എല്ലാം അധികമധികം അബദ്ധങ്ങൾ വരുത്തിക്കൂ
ട്ടുന്നവരാണെന്നുള്ളതു് ഒരു സ്മരണീയമായ വാസ്തവവുമാകുന്നു. ഈ
വിഷയത്തിലെ ഒരു ഗ്രന്ഥകാരൻ എത്ര പുരാതനകാലീനനായി
രിക്കുന്നുവോ അത്രയധികം ആ ഗ്രന്ഥം യുക്തിയുക്തമായുമിരിക്കു
ന്നു. പുതിയഗ്രന്ഥകാരന്മാരിൽ ഭൂരിഭാഗവും, പലപ്രകാരത്തിലു
മുള്ള ഗൂഢതത്വങ്ങളെപ്പററി ജല്പിക്കുന്നു. ഇപ്രകാരം സത്യത്തിന്റെ
യും ന്യായവാദത്തിന്റേയും പൂർണ്ണമായ വെളിച്ചം അതിന്മേൽ
വീഴാൻ അനുവദിക്കുന്നതിനു പകരം അതിനെ ഒരു രഹസ്യമാ
ക്കിത്തീർത്ത ഏതാനും ചിലരുടെ കൈയ്യിലാണിതകപ്പെട്ടതു്. അ
വർ അങ്ങനെ ചെയ്തതു് സിദ്ധികൾ എല്ലാം അവർക്കു ഉണ്ടാകാ
വൂ എന്നുദ്ദേശിച്ചുമായിരിക്കും.

ഞാൻ പ്രസംഗിക്കുന്നതിൽ ഒന്നാമതായിതന്നെ ഗൂഢതത്വ
ങ്ങൾ ഒന്നും ഉണ്ടായിരിക്കയില്ല. എനിക്കു സ്വല്പം ഏതെങ്കിലും

അറിയാവുന്നതിനെ ഞാൻ നിങ്ങളോടു പറയും; യുക്തികൊണ്ടു നിൎണ്ണയിക്കാവുന്നതിനെ ഞാൻ അംഗീകരിക്കയും ചെയ്യും; എനിക്കു അറിഞ്ഞുകൂടാത്തതിനെയാകട്ടെ, പുസ്തകങ്ങളിൽ അങ്ങനെ പറഞ്ഞിരിക്കുന്നു എന്നുതന്നെ നിങ്ങളോടു ഞാൻ പറഞ്ഞേക്കാം. കണ്ണുംപൂട്ടി വിശ്വസിക്കുന്നതബദ്ധമാണു്. നിങ്ങളുടെ സ്വതന്ത്രബുദ്ധിയേയും ന്യായദൃഷ്ടിയേയും തന്നെ നിങ്ങൾ ഉപയോഗിക്കണം. ഈ സംഗതികൾ സംഭവിക്കുമോ ഇല്ലയോ എന്നു നിങ്ങൾ ശ്രമിച്ചുനോക്കിത്തന്നെ അറിയണം. മറ്റേതെങ്കിലും ജഡപ്രകൃതിശാസ്ത്രങ്ങളേ എങ്ങിനെ നിങ്ങൾ പഠനവിഷയമായെടുക്കുന്നുവോ അതേവിധം തന്നെ ഈ ശാസ്ത്രത്തേയും പഠിപ്പാൻ എടുക്കണം. ഇതിൽ രഹസ്യമോ അപകടമോ ഒന്നുമില്ല. ഇതിന്റെ പരമാൎത്ഥമായ ഭാഗത്തോളമുള്ളതെല്ലാം തുറന്ന രാജവീഥിയിൽ തിളങ്ങുന്ന പകൽസമയം വിളിച്ചു പ്രസംഗിക്കേണ്ടതാകുന്നു. ഈ സംഗതികളേഗ്രഢികരിപ്പാനുള്ള ഏതുദ്യമവും വലിയ അപായകരമായിട്ടുള്ളതാണു്

ഇതിന്നപ്പുറം പ്രസ്താവിക്കുന്നതിനുമുമ്പ് രാജയോഗത്തിന്റെ മുഴുവൻ ആധാരമായിനില്ക്കുന്ന സാംഖ്യതത്വശാസ്ത്രത്തെപ്പറ്റി എനിക്കു കുറഞ്ഞൊന്നു നിങ്ങളോടു വിവരിക്കണം. ഈ തത്വശാസ്ത്രപ്രകാരം, പ്രത്യക്ഷം ഉണ്ടാകുന്നതു് കരണങ്ങൾ അതായത് – അക്ഷങ്ങൾ വഴിയാകുന്നു. അക്ഷങ്ങൾ അതിനെ ഇന്ദ്രിയങ്ങളിലേക്കും ഇന്ദ്രിയങ്ങൾ മനസ്സിലേക്കും മനസ്സ നിശ്ചയാത്മികയായ ബുദ്ധിയിലേക്കും കൊണ്ടുചെല്ലുന്നു. ഇതിൽനിന്നുപുരുഷൻ അല്ലെങ്കിൽ ആത്മാവ് അതിനെസ്വീകരിക്കുകയും, തിരിയെ ആജ്ഞാപിക്കുകയോ എന്നു തേടുന്നവാറ അത എല്ലാ സ്ഥാനങ്ങളിലൂടേയും അതിനെ മടക്കി അയയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനേയാണ് ഇന്ദ്രിയജന്യജ്ഞാനങ്ങൾ ഗ്രഹിക്കപ്പെടുന്നതു്. പുരുഷനേയൊഴിച്ചുള്ള ഇതെല്ലാവും ജഡപദാൎത്ഥമാകുന്നു. എന്നാൽ മനസ്സാകട്ടെബഹിരിന്ദ്രിയങ്ങളേക്കാൾ തുലോം സൂക്ഷ്മമായ ജഡവസ്തുവാണു്. മനസ്സിന്നുപാദാനമായ ജഡപദാൎത്ഥം തടിക്കുമ്പോൾ തന്മാത്രകൾ എന്നു പറയപ്പെടുന്നവസ്തുവായിത്തീരുന്നു. അതു പിന്നെയും തടിച്ചിട്ടു ബാഹ്യഭൂതങ്ങളായിത്തീരുന്നു. ഇതാണ് സാംഖ്യമാനസതത്വശാസ്ത്രം. അതുകൊണ്ടു, ബുദ്ധിക്കും, വെളിയിലുള്ള സ്ഥൂലഭൂതങ്ങൾക്കുംതമ്മിൽ മാത്രയിൽ ഉള്ള ഒരു വ്യത്യാസം മാത്രമെയുള്ളു. അജഡമായിട്ടുള്ളതു് പുരുഷനൊന്നുതന്നെ. മനസ്സ് വെളിയിലുള്ള വിഷയങ്ങളെ തന്മാത്രേണ ഗ്രഹിപ്പാനായി ആത്മാവിന്റെ കൈകളിലുള്ള ഒരുപകരണംപോലെയിരിക്കുന്നു. ഈ മനസ്സ് ഇടവിടാതെ മാറുകയും അ;

ങ്ങോട്ടുമിങ്ങോട്ടുമാടിക്കൊണ്ടുനിൽക്കുകയുംചെയ്യുന്നു. ഇതിന്നു ഇന്ദ്രിയങ്ങളിൽ പലതിനോടോ ഒന്നിനോടുമാത്രമോ സംബന്ധിച്ചുകൊള്ളുന്നതിന്നും, ഒന്നിനോടുംസംബന്ധിക്കാതിരിപ്പാനുംകഴിയും. ദൃഷ്ടാന്തംപറയാം. നാഴികമണിയടിക്കുന്നതു് വളരെ ശ്രദ്ധപതിച്ചു ഞാൻ കേൾക്കുകയാണെങ്കിൽ ഒരുസമയംഎന്റെ കണ്ണുകൾ തുറന്നിരുന്നാൽതന്നെയും ഒരു വസ്തുവിനെയും ഞാൻ കാണുകയില്ല. അതു്, മനസ്സ് നേത്രേന്ദ്രിയത്തോടു സംബന്ധിച്ചിരുന്നില്ലെന്നും ശ്രോത്രേന്ദ്രിയത്തോടുസംബന്ധിച്ചിരുന്നുവെന്നും കാട്ടിത്തരുന്നു. ഇതവിധത്തിൽ എല്ലാഇന്ദ്രിയങ്ങളോടും ഏകകാലത്തിൽതന്നെ സംബന്ധിച്ചിരിപ്പാനും മനസ്സിന്നുകഴിയും. ഈ മനസ്സിന്നു തന്റെ സ്വന്തം അഗാധതയിലേക്കു തിരിഞ്ഞുനോക്കുന്ന ചിന്തന അല്ലെങ്കിൽ പ്രണിധാനശക്തിയുമുണ്ടു്. ഈ ചിന്തനാശക്തിയെ ലഭിപ്പാനാണു് യോഗി ആവശ്യപ്പെടുന്നതു്. മനശ്ശക്തികളെ ഏകാഗ്രപ്പെടുത്തി അവയെ അന്തർമ്മുഖമാക്കി തിരിച്ചുവിട്ടു ഉള്ളിൽനടക്കുന്ന സംഭവങ്ങളെ അറിവാൻ അയാൾ അന്വേഷിക്കുന്നു. ഇതിൽ വെറും വിശ്വാസത്തെസംബന്ധിച്ച ചോദ്യം ഒന്നുമില്ല. ഇതു് ഒരുവക തത്വജ്ഞാനികളുടെ തത്വവിവേചനാക്രമമത്രെ. പൃതിയശരീരശാസ്ത്രജ്ഞന്മാർ പറയുന്നതു് കണ്ണുകളല്ല കാഴ്ചയുടെ ഇന്ദ്രിയങ്ങളെന്നും ഇന്ദ്രിയങ്ങളിരിക്കുന്നതു തലച്ചോറിലുള്ള സിരാബന്ധങ്ങളിലാണെന്നുമാകുന്നു. മറ്റു ജ്ഞാനേന്ദ്രിയങ്ങളും അതുപോലെതന്നെ. ഈ സിരാബന്ധസ്ഥാനങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നതു് തലച്ചോറുണ്ടാക്കപ്പെട്ടിരിക്കുന്ന അതേ ഭൂതങ്ങൾ കൊണ്ടുതന്നെയാണെന്നും അവർ പറയുന്നു. അതുപോലെതന്നെ സാംഖ്യശാസ്ത്രജ്ഞന്മാരും പറയും. എന്നാൽ ഈ പ്രസ്താവത്തിൽ ഒന്നു പ്രകൃതിവിജ്ഞാനവിഷയമായും, മറ്റതു് അന്തഃകരണശാസ്ത്രവിഷയമായും ഇരിക്കുന്നു. എങ്കിലും രണ്ടുമൊന്നുതന്നെ. ഇതിന്നപ്പുറമാണു് നമുക്കു തെളിയിക്കേണ്ടിയുള്ളതു്.

യോഗി ഉദ്ദേശിക്കുന്നതു് ഏതിനാൽ ഈ എല്ലാം പ്രത്യക്ഷീകരിപ്പാൻ കഴിയുമോ ആ സൂക്ഷ്മപ്രത്യക്ഷാവസ്ഥയെ സമ്പാദിപ്പാനാകുന്നു. ഈ എല്ലാ ഭിന്നാവസ്ഥകളിലും മാനസപ്രത്യക്ഷം ഉണ്ടായിരിക്കും. ഇന്ദ്രിയജ്ഞാനം എങ്ങിനെ സഞ്ചരിക്കുന്നുഎന്നും, മനസ്സ് അതിനെ എങ്ങിനെസ്വീകരിക്കുന്നുഎന്നും, ബുദ്ധിയിലേക്കതു എങ്ങിനെപോകുന്നുഎന്നും ആത്മാവിങ്കലതു അതിനെ എങ്ങിനെനൽകുന്നു എന്നും നമുക്കു കാണാറാകും. ഓരോ ശാസ്ത്രത്തിന്നും ചില പ്രത്യേക ഒരുക്കങ്ങൾ ആവശ്യമുള്ളതിനാലും, ഓരോ ശാ

സ്ത്രത്തിനും അതിന്റെ പ്രത്യേകക്രമം ഉള്ളതുകൊണ്ടും ആ ക്രമത്തെ അനുസരിക്കുന്നതുവരെ ആ ശാസ്ത്രത്തെ നമുക്കൊരിക്കലും മനസ്സിലാക്കാൻ കഴികയില്ല. രാജയോഗശാസ്ത്രവും അതുപോലെതന്നെ.

ആഹാരത്തെ സംബന്ധിച്ച ചില നിയമങ്ങൾ ആവശ്യമാണ്. മനസ്സിനെ ഏററവും പരിശുദ്ധമാക്കിച്ചെയ്യുത്തക്ക ആഹാരം വേണം ഉപയോഗിപ്പാൻ. ഒരു മൃഗശാലയിൽ ചെന്നാൽ ഇതിന്റെ ദൃഷ്ടാന്തം നിങ്ങൾക്കു ഉടനെകാണാം. ആനകളെ നിങ്ങൾ കാണുന്നു. മഹാ വലിയജന്തുക്കൾ; എങ്കിലും ശാന്തമായും മൃദുസ്വഭാവികളായും ഇരിക്കുന്നു. സിംഹത്തിന്റെയും, കടുവായുടെയും കൂടുകളുടെ അടുക്കലേക്കു ചെന്നാൽ അവ പൊറുതിയില്ലാതെ നിൽക്കുന്നതു നിങ്ങൾ കാണും. ആഹാരംകൊണ്ടുണ്ടായ ഭേദം എത്ര മാത്രമാണെന്നു അതു നിങ്ങൾക്കു കാണിക്കും. നാം അതു ദിവസേന കണ്ടുവരുന്നു. നിങ്ങൾ ഉപവാസം ചെയ്യുകയാണെങ്കിൽ, ആദ്യം നിങ്ങളുടെ ശരീരം ബലഹീനമായിത്തീരുന്നു. ശാരീരമായ ശക്തികൾക്കു ഹാനിതട്ടുന്നു. പിന്നെ ഏതാനും ചില ദിവസങ്ങൾ കഴിഞ്ഞാൽ മനശ്ശക്തികൾക്കും കേടുതട്ടും. ആദ്യം ഓൎമ്മിപ്പാൻ വയ്യാതെയാകും. പിന്നെ ഒരു ഘട്ടമുണ്ട്, അപ്പോൾ നിങ്ങൾക്കു ചിന്തിപ്പാൻ കഴികയില്ലെന്നുവരും. ഏതെങ്കിലും യുക്തിവാദം ചെയ്യുന്നതിനെ യഥാക്രമം മനസ്സിലാക്കാൻ അതിനെക്കാളും കഴിയാതെയാവും. അതുകൊണ്ടു ആരംഭത്തിൽ ഏതുമാതിരി ആഹാരങ്ങളാണ് ഭക്ഷിക്കേണ്ടതെന്നുള്ള വിഷയത്തിൽ നാം ശ്രദ്ധവയ്ക്കണം. നമുക്കു ധാരാളം ശക്തിലഭിക്കയും, നമ്മുടെ അഭ്യാസം ഉയൎന്ന പടിയിൽ എത്തുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ ഈ വിഷയത്തിൽ നാം അത്ര ശ്രദ്ധ വച്ചേ കഴിയു എന്നില്ല. ഒരു തൈ നട്ടു, വളൎന്നു വരുമ്പോൾ അതിനു ഹാനിതട്ടാതിരിപ്പാനായി ചുററും വേലികെട്ടുക പതിവാണ്. എന്നാൽ അതു ഒരു വൃക്ഷമായിത്തീരുമ്പോൾ വേലികളെല്ലാം എടുത്തുകളയുന്നു; അതിനു അപ്പോൾ എല്ലാ ഉപദ്രവങ്ങളേയും സഹിപ്പാൻ കഴിയും.

ഒരു യോഗി അമിതമായ ഭോഗവും, അമിതമായ വ്രതവും ആയ രണ്ടിനേയും വൎജ്ജിക്കണം; അയാൾ ഉപവസിക്കയും ശരീരത്തെ പീഡിപ്പിക്കയുംചെയ്യരുതു്, ആരു അങ്ങിനെ ചെയ്യുന്നുവോ അവനു ഒരു യോഗിയാവാൻകഴികയില്ലെന്നു ഗീതയിൽ പറയുന്നു. ഉപവസിക്കുന്നവനും, ഉറങ്ങാതിരിക്കുന്നവനും, അധികമുറങ്ങുന്നവനും, അമിതമായി അദ്ധ്വാനിക്കുന്നവനും, ഒരു പ്രവൃത്തിയും ചെയ്യാത്തവനും ആയ ഈ ആൎക്കും യോഗിയായിരിപ്പാൻകഴികയില്ല.

—:o:—

VIVEKODAYAM.

Vol. VI. 1085 ചിങ്ങം. No. V.

## പത്രാധിപക്കുറിപ്പുകൾ.

### സ്വാമിതിരുനാളാഘോഷം.

ഈ കഴിഞ്ഞ ചിങ്ങം ൧൩-ാംനു- ബ്രഹ്മശ്രീനാരായണഗുരുസ്വാ
ശിവഗിരി മികളവർകളുടെ ജന്മനക്ഷത്രമഹോത്സവം ശിവഗിരിമഠ
മഠം ത്തിൽ ഏററവും ഭംഗിയാംവണ്ണം കൊണ്ടാടിയിരിക്കുന്നു.
തിരുവനന്തപുരം, കൊല്ലം മുതലായ ദിക്കുകളിൽനിന്നു പല മാന്യ
ന്മാരും ഹാജരായിരുന്നു. സദ്യ പതിവുപോലെ ഭംഗിയായിരിക്കയും
പുലയർ കറവർ മുതലായ താഴ്ന്ന ജാതിക്കാൎക്കു വൈകുന്നേരം
ആറുമണിവരെ മിഷ്ടമായി ആഹാരം കൊടുക്കുകയും ചെയ്തിരുന്നു.
സദ്യച്ചിലവു മുഴുവൻ കൊല്ലം പ്രാക്കുളത്തു മംഗലശ്ശേരി ഗോവി
ന്ദൻചാന്നാർ അവർകളും, ഏറത്തു നാരായണൻ ചാന്നാർ അവ
ൎകളും സ്വന്തമായി ചെയ്കയായിരുന്നു. ഈ ചിലവു ഈ ര
ണ്ടു ധാൎമ്മികന്മാരും തങ്ങളുടെ കാലത്തോളം ഇതുപോലെ ചെയ്വാ
ൻ ഏറ്റിരിക്കുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്.
ഇതിൽ ആദ്യത്തെ മാന്യൻ മഠത്തിലേക്കു ൧൦൦൦ ക. സംഭാവന
ചെയ്തിട്ടു അധികദിവസമൊന്നുമായിട്ടില്ലെന്നു വായനക്കാർ ഓൎക്കു
മല്ലോ. ഇത്തവണത്തെ റിപ്പോർട്ടുകളിൽനിന്നു ഈ കൊല്ലം ഈ
തിരുനാളാഘോഷം കേരളത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളി
ലും പൂൎവ്വാധികം ഭംഗിയായും പ്രയോജനകരമായും കൊണ്ടാടിയി
രിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു.
റിപ്പോർട്ടുകളെ ചുവടെ പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിച്ചു എ
ങ്കിലും സ്ഥലച്ചുരുക്കത്താൽ സംക്ഷേപിക്കേണ്ടി വന്നതിനെപ്പററി
ആൎക്കും ഇച്ഛാഭംഗവും അതൃപ്തിയും ഉണ്ടാകാതിരിപ്പാൻ പ്രത്യേ
കം ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. സ്വാമിതൃപ്പാദങ്ങളുടെപേരിൽ ജന
ങ്ങൾ പ്രദർശിപ്പിക്കുന്ന ഈ അകൈതവമായ ഭക്തിയും സ്നേഹ
വും ബഹുമാനവും, സമുദായത്തെ മുഴുവൻ ഒരു ഐകമത്യപാ
ശത്താൽ ബന്ധിക്കയും, ആത്മികവും; ലൌകികവും ആയ ശ്രേയ
സ്സിലേക്കു അതിനെ ഉയരെ ഉന്തിക്കൊണ്ടുപോകുന്ന ഈശ്വ
രത്വമായ ഒരു ശക്തിയായി പരിണമിക്കയും ചെയ്യുന്നു എന്നു കാ
ണുന്നതിൽ ഞങ്ങൾക്കു വലുതായ കൃതാൎത്ഥതയുണ്ടു്. സമുദായ

ത്തിന്റെ സർവ്വ ശ്രേയസ്സിന്നും നിദാനമായ സ്വാമിതിരുമനസ്സിലെ വന്ദ്യതൃപ്പാദങ്ങൾ അനേകകാലം ആയുരാരോഗ്യങ്ങളോടുകൂടി നമ്മുടെ അഭിവൃദ്ധിയിലേക്കുള്ള ഗതികളെ നിയമനം ചെയ്തുകൊണ്ടു പ്രശോഭിപ്പാൻ പരമകാരുണികനായ ഈശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

“ബ്രിട്ടീഷുകൊച്ചി ഹിന്തുയുവജനസമാജം” വകയായി സ്വാമിതിരുനാളാഘോഷം അമരാവതി മുൻസിപ്പാൽസ്കൂളിൽവച്ചു പതിവുപോലെ കേമമായി നടത്തപ്പെട്ടിരിക്കുന്നു. അലങ്കരിച്ചിരുന്ന ആ കെട്ടിടത്തിന്റെ പ്ലാററ്ഫാറത്തിൽ സ്വാമിഅവർകളുടെ ഛായാപടംവച്ചു കാലത്തു പൂജമുതലായതുനടത്തുകയും അതിനുശേഷം കുട്ടികൾക്കു പലഹാരംകൊടുക്കുകയും, ഞങ്ങൾകഴിഞ്ഞതവണ പ്രസിദ്ധപ്പെടുത്തിയിരുന്ന പത്മനാഭപ്പണിക്കരവർകളാൽ രചിക്കപ്പെട്ട വഞ്ചിപ്പാട്ടു പാടി എല്ലാവരും ആനന്ദിക്കയുംചെയ്തു. വൈകുന്നേരം രണ്ടരമണിക്കു സ്വാമിയുടെ ഛായാപടം ആനപ്പുറത്തുകയററി നഗരം ചുററി യാത്രയാരംഭിച്ചു. ഈഘോഷയാത്രയിൽ ഉൾപ്പെട്ട യുവജനസമാജാംഗങ്ങളെല്ലാം സ്വാമിയുടെനേരെ ഭക്തിബഹുമാനസൂചകമായി കാഷായവസ്ത്രം ധരിച്ചു “ശ്രീനാരായണഗുരുസ്വാമിഅവർകൾക്കു ജേ,, എന്നജയശബ്ദം ഉച്ചരിച്ചുകൊണ്ടു [illegible] നടന്നിരുന്നു. അഞ്ചുമണികഴിഞ്ഞപ്പോൾ തിരിച്ചു സ്കൂളിൽ എത്തി. ഇതിനിടയിൽ സ്ഥലം “ശ്രീഹരിഭജനകോവിൽ,,ക്കാരുടെ ഒരു എതിരേല്പും ജേനവും ഉണ്ടായി. ഉദ്ദേശ്യം ആറുമണിക്കു എല്ലാവരും പിരിഞ്ഞു. ചിലർ ഈ അവസരത്തിൽ ഗോസായികൾക്കു ധർമ്മംകൊടുക്ക മുതലായ പുണ്യകർമ്മങ്ങൾ നടത്തി. രാത്രി ഉദ്ദേശം ൭-മണിക്കു യോഗം ആരംഭിച്ചു- അദ്ധ്യക്ഷസ്ഥാനംവഹിച്ചതു ടി. കെ. കൃഷ്ണമേനോൻ ബി. എ. അവർകൾ ആയിരുന്നു. സമാജാംഗങ്ങൾ ഉത്സാഹത്തോടുകൂടി പല സാരവത്തുകളായ വിഷയങ്ങളിലും പ്രസംഗങ്ങൾ വായിക്കുകയും എ. പി. കുട്ടാപ്പു അവർകൾ ഭക്തിയെന്ന വിഷയത്തെപ്പററി രസകരമായ ഒരു പ്രസംഗംചെയ്കയുംചെയ്തു. അദ്ധ്യക്ഷൻതന്റെ ഉപസംഹാരപ്രസംഗത്തിൽ സ്വാമിയെക്കുറിച്ചുള്ളബഹുമാനത്തെ സൂചിപ്പിക്കയും സമുദായത്തിന്റെ ഉൽക്കർഷമാർഗ്ഗങ്ങളെപ്പററി ചില സാരമായ ഉപദേശങ്ങൾ പറഞ്ഞുകൊടുക്കയും താൻ എപ്പോഴും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുപ്പാൻ സന്നദ്ധനാണെന്നു യുവജനസമാജത്തോടു വാഗ്ദാനംചെയ്കയുംചെയ്തു. യോഗംകഴിഞ്ഞു വിനോദപ്രധാനം ആരംഭിച്ചു. എ. കുഞ്ഞിരാമൻ അവർകളുടെ സ്വനഗ്രാഹിയന്ത്രപ്രയോഗം എല്ലാവരേയും രസിപ്പിച്ചു- രാത്രി ൧൨-മണിയോടുകൂടി എല്ലാവരും യഥോചിതം വന്ദനംപറഞ്ഞു സ്വാമിപാദങ്ങളിലേക്കും ചക്രവർത്തി തിരുമനസ്സിലേക്കും ചീയർസ്വിളിച്ചു ആനന്ദഭരിതരായി എല്ലാവരും പിരികയുംചെയ്തു.

പറവൂർ, വാവക്കാട്ട് “വിജ്ഞാനസന്ദായിനി” സംഘം വകയായി വാവക്കാട്ടുസഭവക സ്കൂളിൽവച്ചും ഈ മഹോത്സവം ആഘോഷിക്കുകയും ആയിരത്തിൽ പരം ജനങ്ങൾചേർന്ന ഒരു സഭനടത്തുകയും ചെയ്തിരിക്കുന്നു. ഈ സഭയിൽ അഗ്രാസനം വഹിച്ചതു് ഹൈക്കോർട്ടുവക്കീൽ ഭാസ്കരമേനോൻ ബി, എ. ബി. എൽ. അവർകളായിരുന്നു. സ്വാമിയുടെ ജീവചരിത്രത്തെപ്പററിയ പ്രസംഗങ്ങൾ ഭജനങ്ങൾ സദ്യകൾ മുതലായവ എല്ലാം ഈസംഘക്കാരുടെ ആഘോഷത്തിലും കുറവ

ല്ലായിരുന്നു. ആറുമണിക്കു ഈ സഭ അവസാനിക്കയും എല്ലാവരും ഭക്തിഭരിതരായി പിരിയുകയും ചെയ്തുവെന്നു് സംഘം സിക്രട്ടറി അറിയിക്കുന്നു. ഈ രണ്ടു സംഘങ്ങളുടേയും ആദ്ധ്യക്ഷസ്ഥാനം വഹിച്ച മാന്യന്മാരോടും അവരുടെ മാന്യസമുദായത്തോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ആലപ്പുഴ "ബാലബോധിനി" സംഘക്കാരും ഈ ഉത്സവം ഇദംപ്രഥമമായാണെങ്കിലും അതികേമമായി കൊണ്ടാടിയിരിക്കുന്നു. പലവിധവാദ്യഘോഷങ്ങളോടുകൂടി പകൽ ൧൨ മണിക്കു പട്ടണപ്രദക്ഷിണം ആരംഭിക്കയും, സനാതനധർമ്മ സ്കൂളിന്റെ വാതുക്കൽവച്ചു അനേകം ഓടിവള്ളങ്ങളിൽ മറ്റൊരു സംഘം സകലവിധ വാദ്യഘോഷങ്ങളോടുകൂടി എത്തി എതിരേല്ക്കയും വാടക്കാട്ടിൽ പത്മനാഭപ്പണിക്കരുടെ വഞ്ചിപ്പാട്ടുപാടി ൭ മണിവരെ കളികളും ഭജനങ്ങളും നടത്തുകയും, രാത്രി ൮ മണിക്കു പൂജാദികൾ ആരംഭിക്കയും ൯ മണിയോടുകൂടി എല്ലാവും മംഗളകരമായി സമാപിപ്പിച്ചു എല്ലാവരും സന്തോഷപൂർവ്വം പിരികയും ചെയ്തു. ൩൦൦൦-ജനങ്ങളോളം ഇതിൽ സംബന്ധിച്ചിരുന്നുവത്രെ.

കോട്ടയം "ആചന്ദ്രതാരം" സമാജക്കാർ ൧൪-ാനു- രാത്രിമുതൽ തിരുനാൾ കൊണ്ടാടാൻ തുടങ്ങി. സ്ഥലത്തെ യുവജനസംഘത്തിന്റെ പ്രേരണയിൽ നടത്തപ്പെടുന്ന ഞായറാഴ്ച സ്കൂളിലെ കുട്ടികൾക്കു ചില സമ്മാനം കൊടുക്കുകയും മറ്റും ചെയ്തു. ൧൫—ാനു-രാത്രികൂടിയ സഭയിൽ സമുദായത്തിലെ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ ഉൾപ്പെട്ടിരുന്നു. മാലിയിൽ അയ്യപ്പനാശാൻ അവർകൾ അഗ്രാസനം വഹിച്ചു. യോഗത്തിൽ സ്വാമി അവർകളുടെ ചരിത്രത്തെപ്പറ്റിയ പ്രസംഗങ്ങളും സമാജാഭിവൃദ്ധികരങ്ങളായ ചില ആലോചനകളും ഉണ്ടായി. സമാജം വകയായി പായസം ഉണ്ടാക്കി ആചണ്ഡാലംജനങ്ങൾക്കു ദാനംചെയ്തു. ൪ മണിക്കു സഭ പിരിഞ്ഞു. സിക്രട്ടറി കെ. എസ്സ്. ശങ്കുമുതലാളിയവരുടെ ഈ ശ്രമത്തെ സ്തുതിക്കേണ്ടതത്രെ.

"കൊല്ലം ആശ്രാമം കേരളവർമ്മവിലാസസഭ" ക്കാർ ഇതിനെ ഘോഷിപ്പാൻ അഞ്ചുത്തുകിഴക്കെപ്പള്ളിക്കൂടത്തിൽ വലുതായ ഒരു സഭ കൂടി. എൻ. കുമാരൻ ബി. ഏ. അവർകൾ അഗ്രാസനം വഹിച്ചു. സ്വാമിയുടെ വൈഭവങ്ങളെ വെളിപ്പെടുത്തി കാണിക്കുന്നതും, വളരെ സാരവത്തും, സരസവുമായ അദ്ധ്യക്ഷന്റെ പ്രസംഗം സഭയെ ആകപ്പാടെ സന്തോഷിപ്പിക്കയും അടുത്ത കൊല്ലം സഭവകയായി ഒരു സ്വന്ത കെട്ടിടത്തിൽവച്ചു ഈ പരിശുദ്ധമായ ഉത്സവത്തെ കൊണ്ടാടേണമെന്നുള്ള അദ്ധ്യക്ഷന്റെ അഭിപ്രായത്തോടു എല്ലാവരും യോജിക്കയും ചെയ്തു. സഭ കഴിഞ്ഞു വൈകുന്നേരം വഞ്ചിപ്പാട്ടും കളികളും മറ്റുമുണ്ടായിരുന്നു. കെട്ടിടത്തിനു പണം പിരിവു തുടങ്ങിയിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു.

ഇതിനുപുറമെ കുമരകം കുപ്പണ്ണമുതലായ സ്ഥലങ്ങളിലും, വല്ലപ്പാടുമുതലായ ദിക്കുകളിലും, തലശ്ശേരി കണ്ണൂർമുതലായ വടക്കൻപ്രദേശങ്ങളിലും പലവിധത്തിൽ ഈ പാവനമായ ഉത്സവം ഘോഷിക്കപ്പെട്ടിരിക്കുന്നു. തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ൩൦൦൦—ജനങ്ങൾ ഇതിനായി കൂടിയിരുന്നതായി ശിവഗിരിയിൽ ഒരു കമ്പികിട്ടിയിരുന്നു. ഈ സന്ദർഭത്തിൽ സ്വാമികളുടെ ആരോഗ്യത്തെ ആശംസിച്ചു മിതവാദി പത്രാധിപരും, ജ്ഞാനോദയയോഗം പ്രസിഡണ്ടും കമ്പികൾ അയച്ചിരുന്നു. തല

ശ്ശേരി,യിൽ ജഗന്നാഥക്ഷേത്രത്തിലെ ആഘോഷങ്ങൾക്കുപുറമെ ഏറെകവട്ടാദേശം ഉത്സവച്ചു മന്ദൻഗുമസ്തൻമുതലായവരും പുത്തലത്തു ഗോവിന്ദൻ അവർകളും, സ്വഭവനത്തിൽ വച്ചു കമ്പൌണ്ടർ കത്തിക്കുന്നൻ അവർകളും, അനുക്കൂർവല്ലുശങ്കരൻവൈദ്യർ അവർകളും മററു ഓരോ സ്ഥലങ്ങളിൽവച്ചു പലരും അനേകം സാധുക്കൾക്കു ഭക്ഷണംകൊടുക്കു മുതലായവിധത്തിൽ കേരളത്തിലെ തീയർമുഴുവൻ അവരുടെ ഈശ്വരദത്തമായ കുലഗുരുപാദത്തിലെ ജന്മനക്ഷത്രോത്സവം പലപ്രകാരത്തിൽ കൊണ്ടാടിയിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷം അപാരമാകുന്നു.

"ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു- ർഗുരുർദ്ദേവോ മഹേശ്വരഃ
ഗുരുസ്സാക്ഷാൽ പരംബ്രഹ്മ- തസ്മൈശ്രീഗുരവേനമഃ"

---

## പുസ്തകാഭിപ്രായങ്ങൾ.

ഭാരതവിലാസം റിപ്പോർട്ട്

കഴിഞ്ഞ മേടം ൧൮-ാംനു- കൂടിയ "ഭാരതവിലാസം" സഭയുടെ നാലാമത്തു വാർഷികയോഗത്തിൻെറ ഒരു റിപ്പോർട്ട് സഭാ സിക്രട്ടറി അയച്ചുതന്നതു നന്ദിപൂർവം കൈപ്പററിയിരിക്കുന്നു. "ഭാഷാപോഷിണി"യുടെ സമ്പ്രദായത്തിലും, അതുപോലെയുള്ള ഉദ്ദേശ്യത്തോടുകൂടിയും തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുക്കൂടം ഉടമസ്ഥന്മാർ മുതലായ ഭാഷാഭിമാനികളുടെ ശ്രമത്താൽ നടത്തപ്പെട്ടുവരുന്ന ഈ സഭയുടെ ഉത്തരോത്തരമുള്ള അഭിവൃദ്ധിയെ ഞങ്ങൾ അനുമോദിക്കയും, പ്രവൎത്തകന്മാരുടെ ഭാഷാപോഷണതല്പരതയെ ഹൃദയപൂർവം ശ്ലാഘിക്കയും ചെയ്യുന്നു. ഈ തവണ അഗ്രാസനം വഹിച്ചതു പ്രസിദ്ധ ഭാഷാഭിമാനിയും യോഗ്യനുമായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ ആയിരുന്നു. റിപ്പോർട്ടിൽ കാണുന്ന വിദ്വാന്മാരുടെ ലിസ്റ്റിൽ നിന്നു ഇത്ര "അഭിരൂപഭൂയിഷ്ഠയായ" ഒരു "പരിഷത്തു" ഈ വിഷയത്തിൽ അടുത്തകാലത്തെങ്ങും കൂടപ്പെട്ടിട്ടില്ലെന്നു നിരാക്ഷേപം പറയാവുന്നതാണ്. കവിതാവേശപരീക്ഷ, കവിതാചാതുര്യപരീക്ഷ മുതലായവ നടത്തുകയും, വിജയികൾക്കു സഭയിൽനിന്നു സമ്മാനംകൊടുക്കുകയും ചെയ്തിരിക്കുന്നു. റിപ്പോർട്ടിൽ വായിച്ചു രസിക്കത്തക്ക പല സംഗതിയും അടങ്ങിയിരിക്കുന്നു. കവിതകളുടെ കൂട്ടത്തിൽ പന്തളം കേരളവൎമ്മ തമ്പുരാൻ അവർകളുടെ പദ്യങ്ങളും, കെ. പി. കറുപ്പൻ അവർകളുടെ വഞ്ചിപ്പാട്ടും പ്രത്യേകം ആസ്വാദ്യമായിരിക്കുന്നു. റിപ്പോർട്ട് ഒരു ചെറിയ പുസ്തകമാണ്. ൩ ണ. വിലയ്ക്കു തൃശ്ശൂർ "ഭാരതവിലാസം" അച്ചുക്കൂടത്തിൽ നിന്നു കിട്ടും.

‘ശ്രീമത്സ്തോത്രാവലി’’

പ്രസാധകനായ കൊല്ലം "പ്രബോധ പ്രബോധിനി" സംസ്കൃതപാഠശാലാദ്ധ്യാപകൻ കെ. സി. ശിവരാമപിള്ള അവർകൾ അയച്ചുതന്ന ടി. പുസ്തകം കൈപ്പററി നന്ദിപറയുന്നു. രാമായണം, ഭാരതം, ഭാഗവതം, ശിവപുരാണം മുതലായ കിളിപ്പാട്ടുകളിൽനിന്ന തിരഞ്ഞെടുക്കപ്പെട്ടതും പ്രഭാതകാലങ്ങളിലും ദിവസംപ്രതിയും ഉപയോഗിപ്പാൻ ഏററവും ഉതകുന്നവയും ഭക്തിവർദ്ധനങ്ങളുമായ സ്തോത്രഭാഗങ്ങളും, സംസ്കൃതത്തിലും മലയാളത്തിലുമുള്ള ഉത്തമങ്ങളായ ചില സ്തോത്രപദ്യങ്ങളും ആണ് ഈ പുസ്തകത്തിലുള്ളത്. തിരഞ്ഞെടുപ്പിൽ മിസ്റ്റർ ശിവരാമപിള്ള നല്ല വൈചിത്ര്യം കാണിച്ചിട്ടുണ്ട്. സകല ഉപാസകന്മാർക്കും ഒന്നുപോലെ പറയുന്നതായ സ്തുതികൾ ഉദ്ധരിച്ചിരിക്കുന്നതു പ്രത്യേകം പറയത്തക്കതാണ്. കൊല്ലം വിദ്യാഭിവർദ്ധിനി അച്ചുക്കൂടത്തിലാണ് അച്ചടിച്ചിട്ടുള്ളത്.

* * * * *

സ്ത്രീധർമ്മം

ഇത് വൃന-ലെ ഓച്ചിറ പ്രദർശനത്തിന സമ്മാനം ലഭിച്ചിട്ടുള്ളതും, "ലക്ഷ്മീഭായിയിൽ" പ്രസിദ്ധീകരിച്ചിരുന്നതുമായ എസ്. പത്മനാഭപ്പണിക്കർ അവർകളുടെ ഒരു പദ്യകൃതിയാകുന്നു. സ്ത്രീകൾ, വിശേഷിച്ചും ബാലികമാർ, യുവതികളും അറിഞ്ഞു നടക്കേണ്ട അനേകം സംഗതികൾ അനുപാദ്യങ്ങളായ ഫറ്റ വസന്തതിലകപദ്യങ്ങൾകൊണ്ടു കുറി ഇതിൽ സംഗ്രഹിച്ചിരിക്കുന്നു. മിസ്റ്റർ പണിക്കരുടെ രചനാഭംഗിയും, ശൈലിയും, ആഡംബരങ്ങളും ഇതിലെ എല്ലാ പദ്യങ്ങളിലും ഒരുപോലെ പ്രകാശിച്ചു കാണുന്നു. ഇതിന്റെ ഒരു പ്രതി ഇവിടെ അയച്ചുതന്നതിലേക്കായി തല്ക്കാല പ്രസാധകൻ ആലപ്പുഴ എം. കേ. കുഞ്ഞൻപിള്ള അവർകൾക്കു ഞങ്ങൾ നന്ദിപറയേണ്ടിയിരിക്കുന്നു.

* * * * *

തിരുവിതാംകൂർ ഗവർമ്മെന്റിൽനിന്നു സദയം അയച്ചുതന്ന "മരുമക്കത്തായക്കമ്മററിയുടെ റിപ്പോർട്ടി"ന്റെ ഒരു പ്രതി കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

———:o:———

## ഒരു തീയർപ്രമാണിയുടെ ദേഹവിയോഗം.

———

മാവേലിക്കാട്ട് മല്ലശ്ശേരിൽ ചങ്കരം കുമരത്തു പാറൻ എന്ന പ്രസിദ്ധനായ ദേഹം ഈ മാസം ഫവ്യ-ാം- കാലധർമ്മം പ്രാപിച്ചു

രിക്കുന്ന വിവരം അറിഞ്ഞു ഞങ്ങൾ വ്യസനിക്കുന്നു. അദ്ദേഹത്തിന്റേതു ഒരു അകാലമരണം എന്നു പറവാൻ പാടില്ലെങ്കിലും ഇതുപോലെയുള്ള വയോവൃദ്ധന്മാർ ഒരു സമുദായത്തിൽ അത്ര സുലഭയല്ലാത്തതിനാൽ ഇങ്ങിനെയുള്ളവരുടെ അപരിഹാര്യമായ വിയോഗത്തിൽ സമുദായസ്നേഹികൾ വ്യസനിക്കതന്നെ ചെയ്യും. ചങ്കരൻകുമരത്തു കുടുംബം പുരാതനമാണ്; എങ്കിലും "പാറൻ" എന്ന പേരോടു ചേർന്നിട്ടാണ് അതിന്റെ ഖ്യാതിക്കു ഇപ്പോൾ കാണുന്ന വലുതായ വ്യാപ്തിയുണ്ടായതെന്നുള്ളതു് നിശ്ചയമാകുന്നു. ധനംകൊണ്ടു് ഇദ്ദേഹത്തിനു തുല്യമായോ അധികമായോ യോഗ്യതയുള്ളവർ സമുദാത്തിൽ പലരുമുണ്ടു്. എന്നാൽ മനോഗുണം, സർവ്വവിഷയത്തിലും ഒന്നുപോലെ പ്രവേശിക്കുന്ന ബുദ്ധിശക്തി, കാര്യാകാര്യവിവേകം, ജനസ്നേഹം മുതലായ ദുർല്ലഭയോഗ്യതകൾ എല്ലാം ഇതുപോലെ തികഞ്ഞിട്ടുള്ള ഒരു മനുഷ്യനെ ഞങ്ങൾ അധികം കണ്ടിട്ടില്ല. സിവിൽ വ്യവഹാരം കൊണ്ടും മററും പരസ്പരം മത്സരിച്ചു നശിപ്പാൻ പോയ എത്രയോ തറവാടുകൾ മിസ്റ്റർ. പാറൻ ഒരാളിന്റെ പ്രകൃത്യാ മധുരമായ നയോപദേശങ്ങൾകൊണ്ടു ഇപ്പോൾ ക്ഷേമമായും, അഭിവൃദ്ധിയായും കഴിഞ്ഞുകൂടുന്നുണ്ടു്. അദ്ദേഹം ഒരു വലിയ ധനികനും, ഒരു പൊതുജനകാര്യസ്ഥനും ആയിരുന്നു. സകല ജാതിമതസ്ഥന്മാരും അദ്ദേഹത്തിന്റെ യോഗ്യതകളെ ബഹുമാനിക്കയും അദ്ദേഹത്തെ അകൈതവമായി സ്നേഹിക്കയും ചെയ്തു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ഈ വിയോഗത്തിൽ വ്യസനിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നതിൽ അധികം ആളുകൾ ഉണ്ടാകുമെന്നുള്ളതു് തീർച്ചയാണ്. പൊതുജനങ്ങളുടെ ഉപയോഗാർത്ഥം ഇദ്ദേഹം തന്റെ ഷഷ്ടിപൂർത്തിയുടെ സ്മാരകമായി മുല്ലശ്ശേരിയിൽ ഒരു ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപിച്ചു സ്വന്തം ചിലവിൽ നടത്തിവരുന്നുണ്ടു്. ഇപ്പോഴും അതു അഭിവൃദ്ധിയിൽ ഇരിക്കയാണെന്നു തോന്നുന്നു. ഇദ്ദേഹം എസ്സ്. എൻ. ഡി. പി. യോഗത്തിൽ ഒരു അംഗമായി ചേരുകയും, തന്റെ കുടുംബത്തിലുള്ള മററുള്ളവരേയും അംഗങ്ങളായി ചേർത്തുകൊടുക്കയും ചെയ്തിട്ടുണ്ടു്. കോഴിക്കോട്ടു മ. രാ. രാ. സി. എം. രാരിച്ചൻമൂപ്പൻ അവർകൾ ഇദ്ദേഹത്തിന്റെ ജാമാതാവാണ്. ഹൈക്കോർട്ടുവക്കീൽ സി. കൃഷ്ണൻ. ബി. എ. ബി. എൽ. അവർകൾ ഇദ്ദേഹത്തിന്റെ പ്രഥമപുത്രനാകുന്നു. രണ്ടാമത്തെ മകൻ പാറൻ എന്ന പേരോടുകൂടിതന്നെ ഗൃഹഭാരം വഹിക്കുന്ന ഒരു യോഗ്യനും, ഇളയമകൻ മിസ്റ്റർ സി. ശങ്കുണ്ണി ഒരു പോലീസ് സബ് ഇൻസ്പെക്ടരും ആണത്രെ. ഈ വിരഹത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങളുടെ വ്യസനത്തെ ഞങ്ങൾ നിർവ്യാജം പങ്കുകൊള്ളുകയും

ശിവഗിരിമഠത്തിലേക്കു സംഭാവനചെയ്യുന്നവരുടെ പൊതുലിസ്റ്റും,സ്വാമിതിരുനാൾസംബന്ധിച്ചുസംഭാവനചെയ്യുന്നവരുടെ പ്രത്യേകലിസ്റ്റും വിവരവും,യോഗവും,വിവേകോദയവുംവക പണമടച്ചവരുടെ ലിസ്റ്റുകളും, പലമംഗള പത്രങ്ങളും, ലേഖനങ്ങളും പ്രൊസീഡിങ്ങ്സും സ്ഥലച്ചുരുക്കത്താൽ മാററി വച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ ആത്മാവിന്നു സുഖസമാധാനങ്ങളെ ആശംസിക്കയും ചെയ്യുന്നു.

വേറൊരു പരിതാപകരമായ മരണം.

കൊററ്യത്തു രാമുണ്ണിവക്കീൽ അവർകളുടെ യോഗ്യരായ അനന്തിരവരിൽ ഒരാളായ വക്കീൽ കെ. പി. കരുണാകരൻ ബി. ഏ. ബി. ഏൽ. അവർകൾ കണ്ണൂരിൽവെച്ചു ഉദരവ്യാധിയാൽ ഈയിടെ അകാലമരണം പ്രാപിച്ചിരിക്കുന്ന വിവരം അറിഞ്ഞു ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ഇദ്ദേഹം ഒരു സുശീലനായ യുവാവും ഇംഗ്ലീഷിൽ ഒരു നല്ല ഗദ്യമെഴുത്തുകാരനും ആയിരുന്നു. ഇദ്ദേഹം ഒരു യോഗാംഗമാണ്. ആലപ്പുഴെ നമ്മുടെ പൊതുയോഗത്തിന്നു ഹാജരുണ്ടായിരുന്നവർ ഇദ്ദേഹത്തെ കണ്ടിരിപ്പാൻ ഇടയുണ്ട്. ഇദ്ദേഹത്തിന്റെ വിരഹത്തിൽ ദുഃഖിക്കുന്നവൎക്കു ഞങ്ങൾ സഹതാപപൂൎവ്വം സമാധാനത്തെ ആശംസിക്കുന്നു.

---

# പലവക.

വിവേകോദയം ൩-ാം പുസ്തകം ആദ്യം മുതൽ വാങ്ങുന്ന വരിക്കാൎക്കു "രാജയോഗ"ത്തിന്റെ ആദ്യത്തെ എട്ടുഭാഗങ്ങൾ പ്രത്യേകം നമ്പരിട്ടു ഈ ഗ്രന്ഥം പരസ്യപ്പെടുത്തിത്തീരുമ്പോൾ വിലകൂടാതെ ഞങ്ങൾ അയച്ചുകൊടുപ്പാൻ വിചാരിക്കുന്നു. മേലാൽ രാജയോഗം ഒരു പ്രാവശ്യം എട്ടുഭാഗങ്ങളിൽ കുറയാതെ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

* * *

ശിവഗിരിമഠത്തിൽ നിന്നു സ്വാമിതൃപ്പാദങ്ങളിലെ സന്ദേശം വഹിച്ചു ശിവപ്രസാദൻ എന്ന ഒരു യുവസന്ന്യാസി മതം, സദാചാരം മുതലായ വിഷയങ്ങളിൽ വളരെ പ്രയോജനകരമായ വിധത്തിൽ പ്രസംഗങ്ങൾ ചെയ്തു സഞ്ചരിക്കുന്നുണ്ട്, ഈ മാസാദ്യത്തിൽ ഇദ്ദേഹം കൊല്ലത്തു പ്രാക്കുളം, കരുവാ മുതലായ സ്ഥലങ്ങളിലും സ്വാമിതിരുനാൾ ദിവസം ശിവഗിരിയിലും പ്രസംഗങ്ങൾ ചെയ്തിരുന്നു. ഇപ്പോൾ ഇദ്ദേഹം തിരുവനന്തപുരത്തും അടുത്ത സ്ഥലങ്ങളിലും സഞ്ചരിച്ചു പ്രസംഗിക്കയാണ്. മലയാളത്തിലും ഇംഗ്ലീഷിലും പ്രസംഗങ്ങൾ ചെയ്യും. ജനങ്ങൾക്കു ശിവപ്രസാദന്റെ പ്രസംഗങ്ങളിൽ വളരെ അഭിരുചി ജനിച്ചിരിക്കുന്നതായി പല സ്ഥലങ്ങളിൽനിന്നുമറിയുന്നതിൽ സന്തോഷിക്കുന്നു. അദ്ദേഹത്തെ ആവശ്യമുള്ളവർ എസ്. എൻ. ഡി. പി. യോഗം ആഫീസിലേക്കു എഴുതിയാൽ വിവരം അറിയാം.

# ശ്രീ. നാ. ധ. പ. യോഗത്തിന്റെ 1909 ജനവരി 1-ാനു- മുതൽ ആഗസ്റ്റ് 31-ാനു- വരെയുള്ള വരവുചിലവുകൾ.

| വരവ് | തുക ക. | ണ. | പ. |
|---|---|---|---|
| മുൻബാക്കി | 34 | 0 | 4 |
| പത്മനാഭൻ മാടൻ വശം മുതൽ | 250 | 0 | 0 |
| പോസ്റ്റാഫീസ് സേവിങ്സ് ബാങ്കിൽ നിന്നു | 450 | 0 | 0 |
| പലിശ | 173 | 7 | 1 |
| പത്മനാഭൻമാടൻതരാനുണ്ടായിരുന്ന പലിശ ടി യാന്റെ പാറിൽ എഴുതിയ ... ... ... | 12 | 8 | 0 |
| അനാമത്ത് ... ... ... ... ... | 4 | 8 | 0 |
| വിവേകോദയം വക വ്യവഹാരത്തിലേക്ക ഏൾപ്പിച്ച ക. തിരിച്ചു വന്നതാക ... ... | 4 | 0 | 0 |
| ശിവഗിരിമഠത്തിലേക്ക ... ... ... ... | 4 | 0 | 6 |
| ക്ഷേത്രം ... ... ... ... ... | 97 | 12 | 0 |
| സംഭാവന ... ... ... ... ... | 5 | 8 | 0 |
| പി. മാധവൻവൈദ്യർ വശം കടം വാങ്ങി ... ... | 208 | 0 | 0 |
| പരസ്യം വക ... ... ... ... ... | 2 | 0 | 0 |
| ഏജൻറ എം. കൊച്ചുരാമൻ വശം ... ... ... | 169 | 3 | 11 |
| വിവേകോദയം ... ... ... ... ... | 160 | 9 | 0 |
| തുക ... ... ... ... ... ... | 295 | 5 | 10 |
| | 1870 | 14 | 2 |

| ചിലവ് | തുക ക. | ണ. | പ. |
|---|---|---|---|
| പത്മനാഭൻ മാടൻ തരേണ്ടിയിരുന്ന പലിശ ടി. യാന്റെ പേറിൽ എഴുതിയ ... ... ... | 12 | 8 | 0 |
| നാഗരുകോവിൽവ്യവഹാരത്തിന്റെ കോടതിച്ചിലവുവകകൾ | 250 | 0 | 0 |
| വിവേകോദയം ... ... ... ... ... | 285 | 8 | 4 |
| എസ്റ്റാബ്ലിഷ്മെൻറ ... ... ... ... | 313 | 15 | 3 |
| സിക്രട്ടറിയുടെ സർക്കീട്ടുചിലവും പാറം ... ... | 62 | 8 | 6 |
| ശിവഗിരിമഠത്തിൽ ഏല്പിച്ച ... ... ... ... | 3 | 0 | 0 |
| ക്ഷേത്രം ... ... ... ... ... | 103 | 3 | 5 |
| പി മാധവൻവൈദ്യർക്ക് മുൻബാക്കി ഉള്ളതിൽ കൊടുത്തത | 221 | 0 | 0 |
| സ്കാളർഷിപ്പ ... ... ... ... ... | 142 | 8 | 0 |
| സംസ്കൃതപാഠശാല ... ... ... ... | 10 | 0 | 0 |
| പത്മനാഭൻ മാടനു 6 മാസത്തെ പലിശ ഇളവുചെയ്തതാക | 15 | 0 | 0 |
| കായനാണി ഒരു പലിശക്ക പാറ ... ... | 300 | 0 | 0 |
| കുമാരൻ സുബ്രഹ്മണ്യന്റെ പേരൽ നമ്പർകൊടുത്ത | 73 | 8 | 0 |
| സേവിങ്സ്ബാങ്കിൽനിന്നും വരേണ്ടിയിരുന്ന പലിശ പാസ്സബുക്കിൽ കൂട്ടിഎഴുതിയതാകെ ... | 63 | 7 | 1 |
| ബാക്കിയിരിപ്പ്. ... ... ... ... ... | 14 | 11 | 7 |
| | 1870 | 14 | 2 |

# Travancore Co-operative Weaving & Trading Co. Ltd.

"തിരുവിതാംകൂർ സഹകരണ നെയിത്തുവാണിജ്യ സംഘം ക്ലിപ്തം."

| രജിസ്റ്റേർഡ് ആഫീസ് | ബ്രാഞ്ചാഫീസ് |
|---|---|
| ബാലരാമപുരം, നെയ്യാററിൻകര. | ചാല, തിരുവനന്തപുരം. |

## മേത്തരം നാടൻതുണികൾ !

---

പുടവ, നേര്യതു, തുപ്പട്ടാ, ചുട്ടിമുറി, കട്ടിക്കവണി, ധാവണി, വെള്ളമുണ്ടുകൾ മുതലായി സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും ഉള്ള എല്ലാത്തരം നാടൻതുണികളും കസവും കരകളും വച്ചോ വയ്ക്കാതെയോ ആവശ്യക്കാരുടെ ഇഷ്ടമനുസരിച്ചു വിശ്വാസയോഗ്യമായും മിതമായവിലയ്ക്കും ഞങ്ങൾ അയച്ചു കൊടുക്കും.

| | |
|---|---|
| മേൽവിലാസം | P. K- TANUVAN, |
| വി. കെ. താണുവൻ | SECRETARY |
| "തിരുവിതാംകൂർ സഹകരണനെയിത്തു | T. C. W. T- Co. Ltd., |
| വാണിജ്യസംഘം" സിക്രട്ടറി | Chalai Bazar, TRIVANDRUM. |
| ചാല, തിരുവനന്തപുരം | |

---

ബ്രഹ്മശ്രീ സ്വാമിതൃപ്പാദത്തിലെ ജന്മനക്ഷത്രത്തെ സംബന്ധിച്ചു സംഭാവനചെയ്തിട്ടുള്ള ആളുകളുടെ പേരും തുകയും.

അന്നത്തെ സദ്യച്ചിലവുമുഴവനും പ്രാക്കുളം മംഗലശ്ശേരിയും ഏറത്താനുംകൂടി ചെയ്തിരിക്കുന്നു.

കോഴിക്കോട്ടു നല്ലീശ്വര ക്ഷേത്രയോഗം സിക്രട്ടറി രൂ. ൫൦.
ഡാക്ടർ പല്പു അവർകൾ. ടി ൫൦
കായിക്കര ചക്രപാണിവിളാകത്തു എൻ. കുമാരൻ. ടി ൧.
തിരുവനന്തപുരത്തു മാളുകത്തകക്കാരൻ അവർകൾ. ടി. ൫൬.
ടി. തോപ്പിൽ അമ്മഅവർകൾ. ടി ൧.
കൊല്ലം കരുവിപ്പുഴ മുത്തനാട്ടു വേലായുധൻ ,, ടി ൬൪
അഞ്ചുതെങ്ങിൽ ലക്ഷ്മിവിളാകത്തു കേ. നാരായണൻ ടി ൫൮
ടി മൈവമൂട്ടിൽ മാർത്താണ്ഡൻ അവർകൾ ടി ൫൮

ആകെ രൂപാ ൧൫

# SOUTH INDIAN RAILWAY CO. Ltd.,

## തെൻ ഇന്ത്യാറെയിൽവെ കമ്പനി ലിമിട്ടെഡ്.

# പരസ്യം.

### ൧൯൧൦-ാം വൎഷത്തെ കണ്ട്റാക്ട വിവരം

൧. ൧൯൧൦-ാം വൎഷം ഡിസെമ്പ്ര മാസം ൩൧-ാംനു മുടിയെ ൧൨ മാസങ്ങൾക്കും താഴെ വിവരിക്കപ്പെട്ട സാമാനങ്ങൾ ഹാജരാക്കി കൊടുക്കേണ്ടതിന്നായി ടെണ്ടർകൾ ആവശ്യമുള്ളതാൽ ൧൯൦൯-ാം വൎഷം നവമ്പ്ര മാസം ൧൨-ാംനു വെള്ളിയാഴ്ച വൈകുന്നേരം ൫-മണിവരെ മേല്പടി കമ്പനിയിൽ ഹർജികൾ വാങ്ങുന്നതാണ്.

സാമാനങ്ങൾ

| | | | |
|---|---|---|---|
| കൊട്ടെണ്ണ | ഉദ്ദേശം | ൯൬൦ | കണ്ടി |
| വെളിച്ചെണ്ണ | ,, | ൯൩൦ | ,, |
| കൂരസിൻ ഓയിൽ, ൧൨൬൦ (ബൾക്കായി) | ,, | ൯൨൬൦൦൦ | റാത്തൽ |
| ,, ൧൨൫൦ (ടിൻകളിൽ) | ,, | ൩൧൦൦൦ | ,, |
| മിനറിൽ ആക്സിൽ ഓയിൽ | ,, | ൪൯൦൦൦ | ഗാലൻ |
| സിലണ്ടർ ഓയിൽ | ,, | ൧൫൦൦൦ | ,, |
| ലിൻസീഡ് ഓയിൽ (കാച്ചിയ്ത) | ,, | ൪൩൫൦ | ,, |
| ,, (കാച്ചാത്തത്) | ,, | ൧൪൫൦ | ,, |
| കന്തുണി (റീലർസായി) | ,, | ൫൦൦ | ശതപ്പുക്കം |
| ,, (പീസ്പേർസായി) | ,, | ൧൮൦൦ | ,, |
| ചണം | ,, | ൪൫൦൦ | റാത്തൽ |
| ഷെവിമിനറൽ ഗ്രീസ് | ,, | ൩൭൦൦൦ | ,, |
| നാട്ട് സീലിങ്ങ് അരക്ക (കൊച്ചുസിൻഡ) | ,, | ൨൪൦ | ഗാലൻ. |

എ ബി സി ഡി പട്ടികകളിൽ ഉള്ളപോലെ നാട്ടപലശരക്കുകൾ ഷെഡ്യൂലിൽ ഉള്ളതുപോലെ കായിതം (കടിതാസ) മുതലായ എഴുത്തു സാമാനങ്ങൾ.

൨. നോട്ടീസ്സിലെ എല്ലാവിവരത്തിന്നും ടെണ്ടർ ഫാറത്തിന്നും മറുവൎത്തമാനത്തിന്നും തെൻ ഇന്ത്യാ റെയിൽവെ സ്റ്റോർ സൂപ്രണ്ടിന്ന എഴുതിഅയക്കുക.

സ്റ്റോർസൂപ്രണ്ട്

തെൻഇന്ത്യറെയിൽവെ

നാഗപട്ടണം